For Private Circulation Only

January 2026

ആഗമനാമൃതം

HOLY BIBLE

Vol.73 | “ ആകയാൽ ദൈവാത്മാവിൽ സംസാരിക്കുന്നവൻ ആരും യേശു ശപിക്കപ്പെട്ടവൻ എന്നു പറകയില്ല ” (1കൊരി. 12:3) | No.1

വിശ്വാസിയിൽ പരിശുദ്ധാത്മാവിന്റെ ശക്തി

By R.A.Torrey

“ ബലം ദൈവത്തിനുള്ളതെന്ന് ദൈവം ഒരിക്കൽ അരുളിചെയ്തു ഞാൻ രുണ്ടു പ്രാവശ്യം കേട്ടുമിരിക്കുന്നു ” (സങ്കീ. 62:11). പരിശുദ്ധാത്മാവ് ഒരു വ്യക്തിയാണ്, പരിശുദ്ധാത്മാവ് ഒരു വ്യക്തിയിൽ പ്രവേശിക്കുന്നു, അത് ദൈവശക്തിയാണ്. ഇത് വിശ്വാസികളിൽ പ്രവൃത്തിക്കുന്ന ദൈവാത്മാവിന്റെ പ്രവൃത്തിയാണ്, ദൈവത്തിനുള്ളത് അവിടുന്ന് എടുത്തു നമുക്കുള്ളതാക്കിത്തീർക്കുന്നു. മനുഷ്യനിൽ പകർന്നിരിക്കുന്ന ദൈവശക്തി ദൈവമക്കളുടെ ക്രിസ്തുവിലുള്ള ജന്മാവകാശമാണ്. എന്നാൽ ക്രിസ്തുവിൽ നമുക്കു ലഭിച്ച അവകാശം പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാൽ വ്യക്തിപരമായുള്ള നമ്മുടെ സമ്പത്തായിത്തീരുകയാണ് ചെയ്യുന്നത്.

പരിശുദ്ധാത്മാവിന്റെ ശക്തിയും പ്രവൃത്തിയും അതിന്റെ വ്യാപ്തിയും നാം മനസ്സിലാക്കിയിരിക്കുന്നതും നാം പ്രസ്താവിക്കുന്നതും, ആ വ്യാപ്തിയാണ് ക്രിസ്തീയ ജീവിതത്തിന്റെ നിറവും അനുഗ്രഹങ്ങളും അത് പിതാവായ ദൈവം ക്രിസ്തുവിൽ നമുക്കു നൽകിയിരിക്കുന്നു. ദൈവത്തിന്റെ വചനം നാം പഠിക്കുമ്പോൾ പരിശുദ്ധാത്മാവിന് അത് ചെയ്യുവാനുള്ള അധികാരവും ശക്തിയും ഉണ്ട്.

1) യേശുക്രിസ്തുവിനെയും അവിടുത്തെ മഹത്വത്തെയും വെളിപ്പെടുത്തുവനുള്ള അധികാരം പരിശുദ്ധാത്മാവിനുണ്ട്. “ ആകയാൽ ദൈവാത്മാവിൽ സംസാരിക്കുന്നവർ ആരും യേശു ശപിക്കപ്പെട്ടവൻ എന്നു പറകയില്ല; പരിശുദ്ധാത്മാവിൽ അല്ലാതെ യേശു കർത്താവ് എന്നു പറയുവാൻ ആർക്കും കഴികയില്ല എന്ന് ഞാൻ നിങ്ങളെ ഗ്രഹിപ്പിക്കുന്നു (1കൊരി. 12:3).

ആത്മാവിന്റെ വരവിനെക്കുറിച്ച് സംസാരിച്ചപ്പോൾ യേശു പറഞ്ഞത്: “ ഞാൻ പിതാവിന്റെ അടുക്കൽ നിന്ന് നിങ്ങൾക്ക് അയപ്പാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽ നിന്ന് പുറപ്പെടുന്ന സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം പറയും” (യോഹ. 15:26). പരിശുദ്ധാത്മാവിനാൽ മാത്രമേ ഒരു മനുഷ്യന് ക്രിസ്തുവിനെക്കുറിച്ചുള്ള ശരിയായ അറിവ് ലഭിക്കുകയുള്ളൂ.

നാം ഒരു മനുഷ്യനെ വചനത്തോടടുപ്പിക്കുന്നത് ക്രിസ്തുവിനെക്കുറിച്ചുള്ള അറിവ് പ്രാപിപ്പാനാണ്, എന്നാൽ പരിശുദ്ധാത്മാവ് ആ മനുഷ്യനിൽ ദൈവവചനത്തെ പ്രകാശിപ്പിച്ച് ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരുമാറാക്കുന്നു. ക്രിസ്തുവിനെക്കുറിച്ചുള്ള സത്യം ആളുകൾ അറിയുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ നിങ്ങളുടെ സ്വന്ത അറിവിലും വിവേകത്തിലും നിങ്ങൾ ആശ്രയിക്കരുത്, എന്നാൽ പരിശുദ്ധാത്മാവിന്റെ സാക്ഷ്യത്തിനായി ഏല്പിച്ചുകൊടുക്കുക.

2) പാപലോകത്തെക്കുറിച്ചു നിങ്ങളെ ബോധം വരുത്തുവാൻ പരിശുദ്ധാത്മാവിന് ശക്തിയുണ്ട്. “ അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെ ക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോദ്ധ്യം വരുത്തും. അവൻ എന്നിൽ വസിക്കായ്കകൊണ്ട് പാപത്തെക്കുറിച്ചും ഞാൻ പിതാവിന്റെ അടുക്കൽ പോകയും നിങ്ങൾ എന്നെ കാണാതിരിക്കയും ചെയ്യുന്നതുകൊണ്ട് നീതിയെക്കുറിച്ചും ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്കകൊണ്ട് ന്യായവിധിയെക്കുറിച്ചും തന്നെ ” (യോഹ. 16:8-11).

കർത്താവായ യേശുവിന്റെ മഹത്വവും നീതിയും കാണിക്കാനിരിക്കകൊണ്ട് പരിശുദ്ധാത്മാവ് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ബോധ്യം വരുത്തും. പരിശുദ്ധാത്മാവ് ബോധ്യം വരുത്തുന്ന പാപത്തെകുറിക്കൊൾക, പാപത്തെക്കുറിച്ച് കാരണം അവർ എന്നിൽ വിശ്വസിക്കുന്നില്ല നിങ്ങൾക്ക് ഒരു മനുഷ്യനെയും ബോദ്ധ്യപ്പെടുത്തുവാൻ കഴിയുകയില്ല കാരണം അതു പരിശുദ്ധാത്മാവ് ചെയ്വാനുള്ള ജോലിയാണ് നിങ്ങൾക്ക് വാദിക്കുവാൻ കഴിയും പക്ഷേ നിങ്ങൾ പരാജയപ്പെടും. പരിശുദ്ധാത്മാവിനാൽ അത് വേഗത്തിൽ ചെയ്യുവാൻ കഴിയും.

എന്നാൽ പരിശുദ്ധാത്മാവിന് നമ്മിലൂടെ ബോധം വരുത്തുവാൻ കഴിയും. യോഹന്നാൻ 16:7,8 വരെ നാം വായിക്കുന്നത്, എന്നാൽ ഞാൻ നിങ്ങളോട് സത്യം പറയുന്നു; ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം, എന്നാൽ ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും” (യോഹ. 16:7). വചനം കേട്ട് നമ്മെ ബോധവാന്മാരാക്കുന്ന പരിശുദ്ധാത്മാവിനെ നോക്കേണം. (പ്രവൃത്തി 2:4-37).

3) മനുഷ്യരെ പുതിയതാക്കിത്തീർക്കുവാൻ അഥവാ വീണ്ടും ജനനത്തിലേക്ക് നടത്തുവാൻ പരിശുദ്ധാത്മാവിന് ശക്തിയുണ്ട്. “ അവൻ നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാലല്ല തന്റെ കരുണാധിക്യ പ്രകാരമത്രേ രക്ഷിച്ചത് ” (തീത്തോ. 3:5).

വീണ്ടും ജനനം എന്നത് പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ്. “ അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ച മനുഷ്യനെ ജീവൻ കൊടുത്തു രക്ഷിക്കുവാൻ പരിശുദ്ധാത്മാവിന് കഴിയും”. ദൈവിക സത്യങ്ങൾക്ക് കുരുടായിത്തീർന്ന മനുഷ്യർക്കു, ദൈവത്തോട് മനുഷ്യൻ ശത്രുവായിത്തീർന്നു. ദൈവമുമ്പാകെ അവർ കുറ്റക്കാരായിത്തീർന്നു. അവരെ രൂപാന്തരപ്പെടുത്തി ദൈവത്തിന്റെ പ്രകൃതിയിലാക്കുവാൻ, അവൻ ദൈവത്തപ്പോലെ ചിന്തിക്കേണ്ടതിന്, ദൈവത്തിന് ഇഷ്ടം ചെയ്യേണ്ടതിന് ദൈവം സ്നേഹി

(ശേഷം 2-ാംപേജിൽ)

(1-ാംപേജിന്റെ തുടർച്ച)

വിശ്വാസിയിൽ പരിശുദ്ധാത്മാവിന്റെ ശക്തി

ക്കുന്നതിനെ സ്നേഹിക്കുവാൻ ദൈവം വെറുക്കേണ്ടതിനെ വെറുക്കുവാൻ അവനെ പ്രാപ്ത നാക്കുവാൻ പരിശുദ്ധാത്മാവിന് കഴിയും.

പ്രസംഗം കൊണ്ട് ഫലമില്ല, വേർപാട് കൊണ്ട് ഫലമില്ല, എന്നാൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയില്ലെങ്കിൽ ഇവയൊന്നും കൊണ്ടും പ്രയോജനമില്ല. നീതീകരണത്തിനായി ക്രിസ്തുവിന്റെ പ്രവൃത്തി നാം നോക്കേണം, അപ്പോൾ തന്നെ പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയിൽ നാം ആശ്രയിക്കേണം.

4) നമ്മിൽ വസിച്ചുകൊണ്ട് നിലനിൽക്കുന്ന സംതൃപ്തിയെ തരുവാൻ പരിശുദ്ധാത്മാവിന് കഴിയും. “ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരു നാളും ദാഹിക്കയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്ക് പൊങ്ങി വരുന്ന നീരുറവായിത്തീരും” (യോഹ. 4:14). വെള്ളം എന്നാൽ ഇവിടെ പരിശുദ്ധാത്മാവ് ആണ്. ഓരോ ലോകമനുഷ്യനും ഇങ്ങനെ പറയും: “ഈ വെള്ളം കുടിക്കുന്നവനെല്ലാം പിന്നെയും ദാഹിക്കും. എന്നാൽ പരിശുദ്ധാത്മാവിന് ഓരോ ദാഹിക്കുന്ന ഉള്ളങ്ങളേയും തൃപ്തിയാക്കുവാൻ കഴിയും. പരിശുദ്ധാത്മാവിനും അവിടുത്തേക്കും മാത്രമേ മനുഷ്യകുലത്തിന്റെ ദാഹമാകറ്റുവാൻ കഴിയുകയുള്ളൂ. നിങ്ങളുടെ ഹൃദയത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തിക്കായി നിങ്ങളെ ഏല്പിക്കുമ്പോൾ നിങ്ങളുടെ ദാഹത്തിന് ശമനം വരും. അതെ, അതിശയിപ്പിക്കുന്ന സന്തോഷവും സംതൃപ്തിയും വിവരിച്ചുകൂടാത്ത ജീവജലത്തിന്റെ ഉറവകൾ അനേകം ആത്മാക്കളിൽ പകർന്നിരിക്കുന്നു. നിങ്ങളുടെ ഉള്ളിൽ ഈ ജീവഉറവയുണ്ടോ? തടസം കൂടാതെ അതു പ്രവഹിക്കുന്നുണ്ടോ? അത് നിങ്ങളെ നിത്യജീവിതത്തിലേക്ക് വഴി നടത്തുന്നുണ്ടോ?

5) പാപത്തിന്റെയും മരണത്തിന്റെയും പ്രമാണങ്ങളിൽ നിന്നും നമ്മെ സ്വതന്ത്രമാക്കുവാൻ പരിശുദ്ധാത്മാവിന് കഴിയും. “ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്ക് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നും ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു” (റോമ. 8:2).

ഈ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണം നാം എല്ലാവരും അറിയുന്നു. നമ്മിൽ പലരും ഇപ്പോഴും ഇതിന്റെ അടിമത്വത്തിൽ ഇരിക്കുന്നു, എന്നാൽ അങ്ങനെ ഇരിക്കേണ്ടതായ ആവശ്യം ഇല്ല. രക്ഷപ്പെടുവാനുള്ള മാർഗ്ഗം ദൈവം ഒരുക്കിയിട്ടുണ്ട്. ആ വഴി പരിശുദ്ധാത്മാവിന്റെ

(ശേഷം 3-ാംപേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

“ബലവും ധൈര്യവുമുള്ളവരായിരിപ്പിൻ. അവരെ പേടിക്കരുത്. ഭ്രമിക്കയുമരുത്. നിന്റെ ദൈവമായ യഹോവ തന്നെ നിന്നോടുകൂടെ പോരുന്നു. അവൻ നിന്നെ കൈവിടുകയില്ല ഉപേക്ഷിക്കയുമില്ല” (ആവർത്തനം 31:6)

2025 ജനുവരി മുതൽ ഡിസംബർ വരെ ദൈവം നമ്മെ അത്ഭുതകരമായി കാത്തു സൂക്ഷിച്ചു. എത്രയോ പേർ 2025 -ൽ ഈ ലോകം വിട്ട് മാറ്റപ്പെട്ടപ്പോൾ ദൈവം നമ്മെ അത്ഭുതകരമായി കാത്തു പരിപാലിച്ചതിന് നന്ദി അർപ്പിക്കാം

2026 ജവുനരി മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു. ഈ വർഷം ദൈവം നിങ്ങൾക്ക് അനുഗ്രഹങ്ങൾ ധാരാളം വർഷിപ്പിച്ച് തരട്ടെ. ഉല്ലാസത്തിന്റെയും ജയത്തിന്റെയും ഘോഷം നിങ്ങളുടെ കുടാരങ്ങളിൽ നിന്നും ഉയരട്ടെ. ദൈവത്തിൽ കൂടുതലായി സന്തോഷിക്കാം. എല്ലാം ദൈവത്തിനു വേണ്ടി സമർപ്പിക്കാം. എന്നാൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും.

നിങ്ങളുടെ ഹൃദയങ്ങളെ പരിശുദ്ധാത്മാവിന്റെ പ്രവൃത്തിക്കായി ഏല്പിച്ചുകൊടുക്കുക. എന്നാൽ പരിശുദ്ധാത്മാവിന് നമ്മിലൂടെ പ്രവർത്തിപ്പാൻ കഴിയും. നിങ്ങളുടെ ജീവിതം ദൈവത്തിന്റെ നാമത്തിന്റെ മഹത്വത്തിനായും അവിടുത്തെ സ്നേഹം മറ്റുള്ളവരോട് പങ്കിടുവാനും ദൈവം നിങ്ങൾക്ക് കൃപ നൽകട്ടെ.

ദൈവത്തിന്റെ വാഗ്ദത്തങ്ങളെ മുറുകെ പിടിക്കുക, ധൈര്യപ്പെടുക, ദൈവത്തിന്റെ പരിപൂർണ്ണ അനുഗ്രഹം നിങ്ങൾക്ക് തരും. ദൈവത്തിൽ സന്തോഷിക്ക. എല്ലാം അവിടത്തേക്ക് വേണ്ടി യാഗമായി അർപ്പിക്ക.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
ങീയ: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

(2-ാംപേജിന്റെ തുടർച്ച)

വിശ്വാസിയിൽ പരിശുദ്ധാത്മാവിന്റെ ശക്തി

ശക്തിയാലാണ്. പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നും രക്ഷപ്പെടുവാൻ പ്രത്യാശയില്ലാത്ത മാർഗ്ഗങ്ങൾ നാം പിൻതുടരാതെ, നമ്മുടെ സ്വന്ത ബലംകൊണ്ട് അതിന് ശ്രമിക്കാതെ, ജഡത്തിന്റെ ശക്തിയിൽ ആശ്രയിക്കാതെ, പരിശുദ്ധാത്മാവിന്റെ സഹായത്തിനായി എല്ലാറ്റിലും ഏല്പിക്കയും അവിടുത്തെ ആലോചനപ്രകാരം നടക്കയും അവിടുത്തെ അനുഗ്രഹിക്കപ്പെട്ട ശക്തിയിൽ ആശ്രയിക്കയും ചെയ്താൽ അപ്പോൾ പാപത്തിന്റെ യും മരണത്തിന്റെയും പ്രമാണത്തിൽ നിന്നും നമ്മെ സ്വതന്ത്രരാക്കും.

അനേകം വിശ്വാസികൾ ഇന്നും റോമാലേഖനം 7-ാം അദ്ധ്യായപ്രകാരം ജീവിക്കുന്നവരാണ്. അവർ ചിന്തിക്കുന്നത് ഇതുവരെയും ഞങ്ങൾ സാധാരണ ക്രിസ്തീയ ജീവിതമാണ് നയിക്കുന്നത്, എന്നാൽ ഈ ജീവിതം പരാജയത്തിലേക്കാണ് പോകുന്നത്. നാം നമ്മിലേക്ക് തിരിഞ്ഞിരിക്കുന്നു എന്നതാണ് സത്യം, നാം ജഡത്തിന് നമ്മെത്തന്നെ വിറ പാപത്തിനടിമകൾ. എന്നാൽ നാം നമ്മിൽ തന്നെ തിരിഞ്ഞവരല്ല. നമ്മുടെ ജീവിതം പരാജയത്തിലേക്ക് നീങ്ങുമ്പോൾ പരിശുദ്ധാത്മാവ് നമുക്കുവേണ്ടി പ്രവർത്തിപ്പാൻ തുടങ്ങുന്നു.

റോമാലേഖനം 8-ാം അധ്യായത്തിൽ നമ്മുടെ യഥാർത്ഥ ക്രിസ്ത്യാനിത്വത്തിന്റെ ഒരു ചിത്രം കാണുവാൻ കഴിയും, ജീവിതം, അത് നമുക്കു സാധ്യമാണ്. ദൈവം അത് നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നു, ജീവിതം അവിടെ നിന്നല്ലാതെ, എവിടെ നിന്നാണ് കല്പനകൾ വരുന്നത്. 17-ാം അധ്യായത്തിലെന്നപ്പോലെ, പിന്നെ എവിടെ നിന്നാണ് അനുസരണത്തിന്റെയും ശക്തനായ ആത്മാവ് വരുന്നത്. ജഡത്തിന്റെ സ്വഭാവം ഇപ്പോഴും നമ്മുടെ ജീവിത്തിലുണ്ട്, എന്നാൽ നാം ആരും ജഡത്തിനുള്ളവരല്ല. നമ്മൾ ആരും ജഡത്തിൽ വസിക്കുന്നില്ല. നാം ആത്മാവിൽ ജീവിക്കുന്നു.” നാം ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു” (റോമ.8:13). “നാം ആത്മാവിൽ നടക്കുന്നു”. “നാം പിന്നെയും ജഡത്തിന്റെ ഇഷ്ടം നിവർത്തിക്കുന്നില്ല” (ഗലാ. 5:16).

ഇത് ഞങ്ങൾക്കഭിമാനമാണ്, ആത്മ ശക്തിയിൽ, ദിനതോറും പ്രാപിക്കുന്നു, മണിക്കൂർതോറും ജഡത്തിന്മേലും പാപത്തിന്മേലും സ്ഥിരമായ വിജയം. എന്നാൽ ഈ വിജയം ഞങ്ങളുടേതല്ല. ഞങ്ങളുടെ സ്വന്ത ശക്തിയിലുമല്ല. ഞങ്ങളെ വിട്ടു കർത്താവിനോട് ചേർന്നു, ഞങ്ങൾ നിസഹായകരാണ്. എല്ലാം തന്നെ ദൈവത്തിന്റെ ആത്മാവിലാണ്.

പാപത്തിന്റെയും മരണത്തിന്റെയും അടിമത്വത്തിൽ നിങ്ങൾ സ്വതന്ത്രരാണോ? അങ്ങനെ ഇപ്പോൾ നിങ്ങൾ ചെയ്യുമോ? സ്വയത്തിന്റെ എല്ലാ വഴികളേയും വിട്ടുകളയുക, പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നും വിടുതൽ പ്രാപിക്ക, പാപം ചെയ്യുന്നത് മതിയാക്കുക. നിങ്ങളെ സ്വതന്ത്രരാക്കുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ വിശ്വസിക്കുക, ഇതു ചെയ്യുവാൻ അവിടുത്തെ കരങ്ങളിലേക്ക് ഏല്പിച്ചുകൊടുക്കുക. അവിടുന്ന് അതു ചെയ്യും. കർത്താവായ യേശുക്രിസ്തുവിന്റെ ആത്മാവിന്റെ ശക്തി നമ്മെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നും സ്വതന്ത്രരാക്കും.

6) പരിശുദ്ധാത്മാവ് നമ്മുടെ അകത്തെ മനുഷ്യനെ ശക്തനാക്കുന്നു. “അവൻ തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം അവന്റെ ആത്മാവിൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിനും” (എഫെ. 3:16).

ഈ ശക്തിപ്പെടുത്തലിന്റെ പരിണത ഫലം 17-19 വാക്യങ്ങളിൽ കാണാം. ഇവിടെ ആത്മാവിന്റെ ശക്തി വെളിപ്പെട്ടിരിക്കുന്നത് കേവലം പാപത്തിന്മേൽ വിജയം തരുവാനായി മാത്രമല്ല, എന്നാൽ, (1) ക്രിസ്തു നമ്മുടെ ഉള്ളിൽ വസിക്കുവാൻ (2) സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വളരുവാൻ (3) സ്നേഹത്തിന്റെ നീളം, വീതി, ആഴവും ഉയരവും എന്ത് എന്ന് സകല വിശുദ്ധന്മാരോടുകൂടെ ഗ്രഹിപ്പാനും, ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും വേണം. ക്രിസ്തുവിന്റെ

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

വിശ്വാസിയിൽ പരിശുദ്ധാത്മാവിന്റെ ശക്തി

എല്ലാ നിറവിനോളം നിറഞ്ഞു വരികയും വേണം.

7) വിശുദ്ധ ജീവിതം ചെയ്യുവാൻ നമ്മെ നടത്തുന്നു, ദൈവമക്കൾ എന്ന നിലയിൽ ദൈവരൂപത്തിൽ വളരുവാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു. “നാം ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവ് താനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു” (റോമ. 8:16).

നമ്മുടെമേൽ ആത്മാവിനെ പകർന്നിരിക്കുന്നത്, കേവലം വിശുദ്ധ ജീവിതം നയിക്കാൻ മാത്രമല്ല, ദൈവത്തെ മഹത്വപ്പെടുത്തുന്ന ഒരു ജീവിതം, എന്താണ് ജീവിതം എന്ന് നാം കണ്ടു പിടിക്കേണം. അവിടുത്തെ കരങ്ങൾ നമ്മെ വഹിച്ച്, മുമ്പു ആയിരുന്നതുപോലെ ആ ജീവിതത്തിലേക്ക് നമ്മെ നടത്തുന്നു. നമ്മുടെ കടമ എന്നത് അവിടുത്തേക്ക് സമ്പൂർണ്ണ സമർപ്പണത്തോടെ അടുത്തുചെല്ലുക, അവിടുന്ന് നമ്മെ നടത്തി രൂപപ്പെടുത്തും. അതു ചെയ്യുന്നവൻ കേവലം ദൈവമക്കളല്ല, സകല മനുഷ്യരും (പ്രവൃത്തി. 17:28). കേവലം ദൈവത്തിന്റെ മക്കൾ എന്നല്ല. അവർ ദൈവത്തിന്റെ സന്താനമല്ലോ”.

8) നാം ദൈവമക്കൾ എന്ന് പരിശുദ്ധാത്മാവ് വിശ്വാസിയുടെ ആത്മാവോ കൂടെ സാക്ഷ്യം പറയുന്നു. “നാം ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവു താനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു” (റോമ.8:16).

നോക്കുക, ആത്മാവ് നമ്മുടെ ആത്മാവിനോട് സാക്ഷ്യം പറയുന്നു എന്ന് പറയുന്നില്ല, എന്നാൽ ആത്മാവിനോട് കൂടെ ആത്മാവിനോട് ഒരുമിച്ച് ചേർന്ന്, ഇവിടെ ശരിയായ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു. നമ്മുടെ പുത്രത്വത്തോട് രണ്ട് പേർ സാക്ഷ്യം പറയുന്നു. 1) നമ്മുടെ ആത്മാവ് നാം ദൈവമക്കളാണെന്ന് സാക്ഷ്യം പറയുന്നു; 2) പരിശുദ്ധാത്മാവ് നമ്മുടെ ആത്മാവിനോട് ചേർന്ന് സാക്ഷ്യം പറയുന്നു; നാം ദൈവകമക്കളാണെന്ന് എങ്ങനെയാണ് പരിശുദ്ധാത്മാവു സാക്ഷ്യം പറയുന്നത്? ഗലാത്യർ 4:16 ഈ ചോദ്യത്തിന് മറുപടി പറയുന്നു: “നിങ്ങൾ മക്കൾ ആകകൊണ്ട് അബ്ബാ പിതാവേ എന്നു വിളിക്കുന്ന സ്വപുത്ര ന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു”.

9) പരിശുദ്ധാത്മാവ് ക്രിസ്തു സമാനമായ കൃപയുടെ സ്വഭാവത്തെ നമ്മുടെ ജീവിതത്തിൽ കൊണ്ട് വരുന്നു. “ആത്മാവിന്റെ ഫലമോ, സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ പരോപകാരം, വിശ്വസ്തത, സൗമ്യത ഇന്ദ്രിയജയം ഈ വകയ്ക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല” (ഗലാ. 5:22,23).

എല്ലാ യഥാർത്ഥ സൗന്ദര്യത്തിന്റെ സ്വഭാവവും നമ്മിലുള്ള എല്ലാ ക്രിസ്തു സമാധാനമായതെല്ലാം പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ്. ഇത് അവിടുത്തെ ഫലങ്ങളാണ്. അവിടുന്ന് വഹിക്കുന്നു. നാം അല്ല.

ഈ ജീവിതം സ്വാഭാവികം അല്ല, ഇത് മനുഷ്യന്റെ ശ്രമകരമായ ദൗത്യമാണ്, ജഡത്തിന്റെ സ്വാഭാവികം. ഈ ജീവിതം നമുക്ക് സ്വാഭാവികമായി മൂന്ന് വാക്യങ്ങളിലൂടെ തന്നിരിക്കുന്നു (19-21). എന്നാൽ അകത്ത് വസിക്കുന്ന ആത്മാവിൽ പൂർണ്ണവിധേയത്വത്തിൽ ജീവിക്കുമ്പോൾ, ജഡത്തിന്റെ മലിനതവിട്ടൊഴിഞ്ഞ് അനാവശ്യ സ്വാധീനങ്ങളെ വിട്ടുകളഞ്ഞ് നന്മ ചെയ്യുവാൻ ശ്രമിക്കുമ്പോൾ, ആത്മാവിനെ അനുസരിച്ച് ജീവിക്കുമ്പോൾ, വിശുദ്ധ കൃപയുടെ സ്വഭാവമാണ് അവിടുത്തെ ഫലം. ഇതാണ് ആത്മാവിന്റെ വിശുദ്ധീകരണം (1പത്രൊ. 1:2; 2തെസ്സ. 2:13).

കേവലം ഭൗതിക പഠനങ്ങളുടെ ആവശ്യമില്ല, പഠിപ്പിക്കുന്നത് ആര് എന്നതും വിഷയമില്ല, സത്യത്തിൽ എന്തു സംഭവിക്കുന്നു എന്ന ആശങ്ക ഇല്ല. ഒരു മെച്ചമായ വചനപഠനത്തിന്റെ പോലും ആവശ്യമില്ല. ഇംഗ്ലീഷോ മൂലഭാഷയിലുള്ള പഠനമോ ആവശ്യമില്ല. പരിശുദ്ധാത്മാവ് തന്നെ എല്ലാം ഉചിതമായി പഠിപ്പിക്കും. നമ്മെ ഓരോരുത്തരേയും പരിശുദ്ധാത്മാവ് തന്നെ പഠിപ്പിക്കും.

11) ക്രിസ്തുവിന്റെ വചനത്തിന്റെ ഓർമ്മയിലേക്ക് നടത്തുവാൻ പരിശുദ്ധാത്മാവിന് ശക്തിയുണ്ട്. “എങ്കിലും പിതാവ് എന്റെ നാമത്തിൽ അയക്കാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്ക് സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോട് പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും” (യോഹ. 14:26).

ഈ വാഗ്ദത്തം പ്രധാനമായി അപ്പോസ്തലന്മാർക്കു വേണ്ടിയുള്ളതാണ്. ഉറപ്പ് എന്നത് യേശു സംസാരിച്ച വചനങ്ങൾ എന്നുള്ളതാണ്. എന്നാൽ ഓരോ വിശ്വാസിയും അത് പ്രതീക്ഷിക്കേണം. അതിലേക്ക് നോക്കുകയും ചെയ്യേണം. എന്ന് പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നു. അവിടുന്ന് യേശുവിന്റെ പഠിപ്പിക്കലുകളെ നമ്മുടെ മനസിലേക്ക് കൊണ്ടു വരുന്നു, ക്രിസ്തുവിന്റെ വചനങ്ങൾ, നമുക്ക് അവയെ ആവശ്യമുണ്ട്, ഒന്നുകിൽ നമ്മുടെ സ്വന്ത ജീവിതത്തിന്റെ ആവശ്യം അല്ലെങ്കിൽ നമ്മുടെ പ്രവർത്തനത്തിന്റെ ആവശ്യം.

12) പരിശുദ്ധാത്മാവ് 1) ആഴമേറിയ സത്യങ്ങളെ വെളിപ്പെടുത്തുന്നു, അത് പ്രാകൃത മനുഷ്യന് മഠയത്തരവും മറഞ്ഞിരിക്കുന്നതുമാണ്. 2) സ്വന്തവെളിപ്പാടുകളെ നമുക്ക് വെളിപ്പെടുത്തിത്തരുന്നു. അതിനെ വിവേചിപ്പാനുള്ള കഴിവ് തരുന്നു താൻ പഠിപ്പിക്കുന്നത് എന്ത് എന്ന് അറിയിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. “നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു; ആത്മാവ് സകലത്തേയും ദൈവത്തിന്റെ ആഴങ്ങളേയും ആരായുന്നു. മനുഷ്യനിലുള്ളത് അവനിലെ മനുഷ്യാത്മാവല്ലാതെ മനുഷ്യരിൽ ആർ അറിയും. അവ്വണ്ണം തന്നെ ദൈവത്തിലുള്ളത് ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല. നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല. ദൈവം നമുക്കു നൽകിയത് അറിവാനായി ദൈവത്തിൽ നിന്നുള്ള ആത്മാവിനെ അത്രേ പ്രാപിച്ചത്. അതു ഞങ്ങൾ മാനുഷജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാൽ അല്ല, ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽ തന്നെ പ്രസ്താവിച്ചുകൊണ്ട് ആത്മികന്മാർക്ക് ആത്മികമായത് തെളിയിക്കുന്നു. എന്നാൽ പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല. അത് അവന് ഭോഷത്വം ആകുന്നു. ആത്മികമായി വിവേചിക്കേണ്ടതാകയാൽ അത് അവന് ഗ്രഹിപ്പാൻ കഴിയുന്നതുമില്ല. ആത്മികനോ സകലത്തേയും വിവേചിക്കുന്നു (1കൊരി. 2:10-15).

പരിശുദ്ധാത്മാവ് വെളിപ്പാടുകളുടെ ഉപജ്ഞാതാവ് മാത്രമല്ല. എഴുതപ്പെട്ട തിരുവെഴുത്തുകളുടെ എന്താണോ താൻ വെളിപ്പെടുത്തിയത്, അവയുടെ വ്യാഖ്യാതാവ് കൂടെയാണ്. രസാവഹവും സഹായകവുമായ പുസ്തകങ്ങളുടെ എഴുത്തുകാരൻ ആയിരിക്കുന്നതുപോലെ നന്നായി അത് വ്യാഖ്യാനിച്ചും തരുന്നുണ്ട്. അതുകൊണ്ടാണ്

(ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

വിശ്വാസിയിൽ പരിശുദ്ധാത്മാവിന്റെ ശക്തി

നാം എപ്പോഴും ബൈബിൾ വായിക്കുന്നത്. എഴുത്തുകാരൻ പരിശുദ്ധാത്മാവ് ആയിരിക്കുന്നത് പോലെ വ്യാഖ്യാതാവും പരിശുദ്ധാത്മാവ് തന്നെ.

പുസ്തകം മനസിലാകണമെങ്കിൽ നാം അവിടുത്തെ നോക്കേണം. അപ്പോൾ ഇരുളടഞ്ഞ വിഷയങ്ങളും ശരിയായി കാണും. അപ്പോൾ നാം ഇങ്ങനെ പ്രാർത്ഥിക്കും. “ നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന് എന്റെ കണ്ണുകളെ തുറക്കേണമേ” (സങ്കീ. 119:18).

എഴുതപ്പെട്ട വചനങ്ങളുടെ വെളിപ്പാടുകൾ മതിയായതാണ്; നമ്മുടെ അകമെ പ്രകാശനം തരുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവുണ്ട്. മാനുഷിക ജ്ഞാനം കൊണ്ട് ദൈവത്തിന്റെ വെളിപ്പാടുകളെ മനസിലാക്കാൻ ശ്രമിക്കുന്നത് മണ്ടത്തരമാണ്.

ദൈവത്തിന്റെ വചനം മനസിലാക്കുവാൻ നമ്മുടെ ജ്ഞാനത്തെ ഉപേക്ഷിക്കേണ്ടതാവശ്യമാണ്. നമ്മെ സമ്പൂർണ്ണമായി പരിശുദ്ധാത്മാവിന്റെ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നാം നമ്മുടെ സ്വന്ത ജ്ഞാനം ഉപേക്ഷിക്കുമ്പോൾ, അപ്പോൾ, മാത്രം ദൈവത്തിന്റെ ജ്ഞാനം നമുക്കു ലഭിക്കും (1കൊരി. 3:18, 1:25-28, മത്താ. 11:25).

13) ശക്തിയോടെ ആശയവിനിമയം നടത്തുവാൻ വിശ്വാസികളെ പഠിപ്പിക്കുവാൻ പരിശുദ്ധാത്മാവ് സഹായിക്കുന്നു. ഞാനും സഹോദരന്മാരേ, നിങ്ങളുടെ അടുക്കൽ വന്നപ്പോൾ വചനത്തിന്റെയോ ജ്ഞാനത്തിന്റെയോ വൈഭവം കൂടാതെയത്രേ ദൈവത്തിന്റെ സാക്ഷ്യം നിങ്ങളോട് പ്രസ്താവിച്ചത്. ക്രൂശിക്കപ്പെട്ട യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു. ഞാൻ ബലഹീനതയോടും ഭയത്തോടും വളരെ നടുക്കത്തോടും കൂടെ നിങ്ങളുടെ ഇടയിൽ ഇരുന്നു. നിങ്ങളുടെ വിശ്വാസത്തിന് മനുഷ്യരുടെ ജ്ഞാനമല്ല ദൈവത്തിന്റെ ശക്തി തന്നെ ആധാരമായിരിക്കേണ്ടതിന് എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണവാക്കുകളാലല്ല ആത്മാവിന്റെയും ശക്തിയടെയും പ്രദർശനമത്രേ ആയിരുന്നത് ” (1കൊരി. 2:1-5).

ഒന്നാമത്തെ സ്ഥലത്ത് സത്യം വെളിപ്പെടുത്തുവാൻ മാത്രമല്ല നമുക്ക് പരിശുദ്ധാത്മാവ് ആവശ്യമായിരിക്കുന്നത്; രണ്ടാമത്തെ സ്ഥലത്ത് വ്യക്തിപരമായി വാക്യം വെളിപ്പെടുത്തിയിരിക്കുന്നു; എന്നാൽ മൂന്നാമത്തെ സ്ഥലത്ത്, നമുക്ക് പരിശുദ്ധാത്മാവിനെ ആവശ്യമായിരിക്കുന്നത് മറ്റുള്ളവരോട് ശക്തമായി ആശയവിനിമയം ചെയ്യുവാൻ അവിടുന്ന് തന്നെ നമുക്കുവേണ്ടി വെളിപ്പെടുത്തിത്തന്നു. നമുക്ക് എപ്പോഴും അവിടുത്തെ ആവശ്യമുണ്ട്.

ശുശ്രൂഷയിൽ നേരിടുന്ന യഥാർത്ഥ പരാജയത്തിന് പ്രധാന കാരണം ശുശ്രൂഷയിൽ വിജയമാണെന്ന് തോന്നുമ്പോൾ, ശുശ്രൂഷയിൽ മാത്രമല്ല, ക്രിസ്തീയ സോഹദരങ്ങളാൽ ഉണ്ടാക്കപ്പെടുന്ന ആരാധനയിൽ എല്ലാ രൂപത്തിലും ഉണ്ടാകുന്ന പ്രശ്നങ്ങൾ, മനുഷ്യന്റെ അന്തരാത്മാവിൽ തന്റെ മാനുഷിക മായ ജ്ഞാനത്തിൽ നിന്നും പഠിപ്പിക്കുവനായി ശ്രമിക്കുമ്പോൾ, മാനുഷിക അഭിരുചികൾ. ശക്തമായ പ്രേരണാ ശക്തിയോടെ വ്യക്തമായി എന്താണ് പരിശുദ്ധാത്മാവ് നമ്മെ പഠിപ്പിച്ചിരിക്കുന്നത് എന്നതിനനുസരിച്ചാണ് ജീവിക്കേണ്ടത്. പരിശുദ്ധാത്മാവിന്റെ ശക്തി നമുക്കാവശ്യം, “ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനം. എങ്ങനെ സംസാരിക്കണം എന്തു സംസാരിക്കണം എന്ന് അവിടുന്ന് പഠിപ്പിക്കേണം. അവിടുന്നാണ് നമ്മുടെ ശക്തിയും ശക്തമായ ദൂതും.

14) എങ്ങനെ പ്രാർത്ഥിക്കണം എന്ന് പരിശുദ്ധാത്മാവ് നമ്മെ നടത്തുന്നു. നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കു തന്നെ ആത്മിക വർദ്ധന വരുത്തിയും പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചും (യൂദാ 20). “ അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെയിരിക്കേണ്ടതിന് നിങ്ങൾക്ക് തരും ” (യോഹ. 14:16). “അവ്വണ്ണം തന്നെ ആത്മാവ് നമ്മുടെ ബലഹീനതയ്ക്കു തുണ നില്ക്കുന്നു.” (റോമ. 8:16). അവിടുന്ന് നമ്മെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കുന്നു. യഥാർത്ഥ പ്രാർത്ഥന എന്നത് ആത്മാവിലുള്ള പ്രാർത്ഥനയാണ്. അതായത്, യഥാർത്ഥ പ്രാർത്ഥന നമ്മെ പ്രകാശിപ്പിക്കുകയും നമ്മെ നടത്തുകയും ചെയ്യുന്നു. നാം ദൈവ സാന്നിദ്ധ്യത്തിൽ പ്രാർത്ഥനയ്ക്കായി അടുത്തുവരുമ്പോൾ, നാം കർത്താവുമായി ഏകീഭവിക്കുകയാണ്. എന്തു പ്രാർത്ഥിക്കേണം എങ്ങനെ പ്രാർത്ഥിക്കേണം എന്നുള്ളതും, ശരിയായി പ്രാർത്ഥിക്കുവാനുള്ള നമ്മുടെ കഴിവില്ലായ്മയും നമ്മെ ഭരിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനും നിയന്ത്രണത്തിനുമായി നമ്മെ ഏല്പിച്ചുകൊടുക്കേണം.

15) നന്ദിയുള്ളവരായിരിപ്പാനും പരിശുദ്ധാത്മാവ് നമ്മെ പഠിപ്പിക്കുന്നു. “ ആത്മാവ് നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവിന് പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പ്പോഴും എല്ലാറ്റിനു വേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ ” (എഫെ. 5:18-20). ആത്മാവും നിറഞ്ഞ ജീവിതത്തിന്റെ സ്വഭാവവിശേഷങ്ങളിൽ ഒന്നാണ് നന്ദിയർപ്പണം.

16) ദൈവത്തിന് ആരാധന അർപ്പിക്കുവാൻ ക്രിസ്തു വിശ്വാസികളെ ആത്മാവിൽ പ്രേരണ നൽകി ദൈവത്തിന് സുഗ്രാഹ്യമായ ആരാധന അർപ്പിക്കുവാൻ പരിശുദ്ധാത്മാവിന് ശക്തിയുണ്ട്. നാമല്ലോ പരിച്ഛേദനക്കാർ; ദൈവത്തിന്റെ ആത്മാവും കൊണ്ട് ആരാധിക്കയും ക്രിസ്തുയേശുവിൽ പ്രശംസിക്കയും ജഡത്തിൽ ആശ്രയിക്കാതിരിക്കയും ചെയ്യുന്ന നാം തന്നെ. (ഫിലി. 3:3).

ദൈവത്തിന് ആരാധന അർപ്പിക്ക എന്നുള്ളതാണ് സൃഷ്ടികളുടെ പ്രധാന പ്രവൃത്തി. ദൈവിക ചിന്തയോടുകൂടെ ഉറ്റുനോക്കി അവിടുത്തെ മുമ്പിൽ ബഹുമാനത്തോടെ തലവണക്കുന്നതാണ് ആരാധന. ആരോ പറഞ്ഞു, ഞങ്ങളുടെ ആരാധനകളിൽ ഞങ്ങൾ ഞങ്ങളുടെ ആവശ്യങ്ങളോടുകൂടെ കരങ്ങളിൽ ഉയർത്തപ്പെടുന്നു, നന്ദിയർപ്പണങ്ങളിൽ ഞങ്ങൾ ഞങ്ങളുടെ ആരാധനകളിൽ ഞങ്ങൾ ഞങ്ങളുടെ ദൈവത്തോടുകൂടെ ഉയർത്തപ്പെടുന്നു. പരിശുദ്ധാത്മാവ് നയിക്കാത്ത ആരാധനകൾ സത്യ ആരാധനകൾ അല്ല.

17) നല്ല വഴികാട്ടിയായിരിക്കുവാൻ പരിശുദ്ധാത്മാവിന് ശക്തിയുണ്ട്. അവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചും കൊണ്ടിരിക്കുമ്പോൾ ഞാൻ ബർന്നബാ

(ശേഷം 6-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

വിശ്വാസിയിൽ പരിശുദ്ധാത്മാവിന്റെ ശക്തി

സിനെയും ശൗലിനെയും വിളിച്ചിരിക്കുന്ന വേലക്കായിട്ട് അവരെ എനിക്ക് വേർതിരിപ്പിൻ എന്ന് പരിശുദ്ധാത്മാവു പറഞ്ഞു. അങ്ങനെ അവർ ഉപവസിച്ച് പ്രാർത്ഥിച്ച് അവരുടെമേൽ കൈവച്ച് അവരെ പറഞ്ഞയച്ചു. പരിശുദ്ധാത്മാവ് അവരെ പറഞ്ഞയിച്ചിട്ട് അവർ സെലൂക്യയിലേക്ക് ചെന്നു; അവിടെ നിന്നു കപ്പൽകയറി സെലൂക്യയിലേക്ക് ചെന്നു" (പ്രവൃത്തി. 13:2-4).

പരിശുദ്ധാത്മാവ് മനുഷ്യരെ വിളിച്ച് തന്റെ വ്യക്തമായ പ്രവൃത്തികൾക്കായി പറഞ്ഞയക്കുന്നു. എങ്ങനെയാണ് നാം ആത്മാവിന്റെ വിളിയെ സ്വീകരിച്ചത്? ആഗ്രഹത്തോടെ, അന്വേഷണത്തിലൂടെ കർത്താവിനായി കാത്തിരിക്കുന്നതിലൂടെ, നാം അതിനായി പ്രതീക്ഷിച്ചു കാത്തിരുന്നു. ദൈവം നമ്മോട് തന്റെ മൃദു സ്വരം നമ്മെ കേൾപ്പിക്കുന്നു. നമ്മുടെ കാതുകൾക്ക് പിടിച്ചെടുക്കാൻ കഴിയുന്ന നിലയിൽ. അവിടുന്നു വിളി കേട്ട് അവിടുത്തെ പ്രവൃത്തിക്കായി നിങ്ങളെ സമർപ്പിച്ചുവോ?

ദിവസേനയുള്ള ജീവിതത്തിനും ശുശ്രൂഷയ്ക്കും പരിശുദ്ധാത്മാവ് നമ്മെ വഴികാട്ടുന്നു, എവിടെ നിങ്ങൾ പോകേണം എന്ന് നിങ്ങൾ പേകേണ്ട എന്ന് ഓരോ വഴിത്തിരിവിലും തെറ്റാതെ വഴി നടത്തുന്നു.

18) ക്രിസ്തുവിനെ ധൈര്യത്തോടെ സാക്ഷിക്കുവാൻ പരിശുദ്ധാത്മാവ് നമുക്കു ശക്തി തരുന്നു. " ഇങ്ങനെ പ്രാർത്ഥിച്ചപ്പോൾ അവർ കൂടിയിരുന്ന സ്ഥലം കുലുങ്ങി; എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു ".

അവർ പലരും ഭയമുള്ളവരായിരുന്നു. എന്തെങ്കിലും ദൈവത്തിന് വേണ്ടി ചെയ്യേണം എന്നാഗ്രഹമുണ്ടായിരുന്നു. എന്നാൽ അവർ ഭയമുള്ളവരായിരുന്നു. എന്നാൽ നാം പരിശുദ്ധനിലേക്ക് നോക്കിയാൽ ദൈവത്തിനായി ചിലത് ചെയ്യുവാൻ അവിടുത്തെ ആശ്രയിച്ചാൽ പരിശുദ്ധാത്മാവ് നമ്മെ ധൈര്യപ്പെടുത്തും.

ദൈവത്തിന്റെ സമ്പൂർണ്ണ കരുതൽ

പരിശുദ്ധാത്മാവ് വിശ്വാസിയിൽ രണ്ട് കാര്യങ്ങൾ ചെയ്യുവാൻ ആഗ്രഹിക്കുന്നു. ആദ്യമായി നമ്മുടെ ഓരോ വഴിത്തിരിവിലും പരിശുദ്ധാത്മാവിന്റെ സഹായം തേടേണ്ടത് ആവശ്യമാണ്. രണ്ടാമതായി നമ്മുടെ ജീവിതത്തിലും ശുശ്രൂഷയിലും ദൈവത്തിന്റെ കരുതൽ എത്ര സമ്പൂർണ്ണമാണ്. താഴ്മയുള്ള വിശ്വാസികൾക്കു വേണ്ടി പരിശുദ്ധാത്മാവ് നൽകുന്ന പദവികൾ എത്ര അനുഗ്രഹിക്കപ്പെട്ടവയാണ്. പ്രകൃതിയാലുള്ള കരുതൽ വളരെ പ്രധാനപ്പെട്ടവയാണ്. അവ പരിശുദ്ധാത്മാവ് നമുക്കു വേണ്ടി ചെയ്യുന്നു.

ഭൗതികമായ എന്തെങ്കിലും ചുറ്റുപാടിൽ അല്ല ഒരു വിശ്വാസി ജീവിക്കുന്നത്. ഭൗതികമായ ഏതെങ്കിലും ഉറവിടമല്ല ക്രിസ്തീയ വേലയുടെ ആധാരം, ക്രിസ്തീയ ജീവിതം അതിന്റെ ശക്തിയും ബലവും പരിശുദ്ധാത്മാവാണ്. നമ്മെ ഓരോരുത്തരേയും പരിശുദ്ധാത്മാവ് അവിടുത്തെ വേലയ്ക്കു വേണ്ടി നമ്മെ ഒരുക്കട്ടെ. അവിടുത്തെ മഹത്വമുള്ള വേല നമ്മിൽ തികച്ചെടുക്കട്ടെ.

❖

സേവനത്തിനുള്ള ആത്മശക്തി

By D.L.Moody

യോഹന്നാന്റെ സുവിശേഷം 7-ാം അധ്യായത്തിൽ പരിശുദ്ധാത്മാവ് പ്രാപിക്കുന്നവൻ കർത്താവായ യേശുവിൽ ആശ്രയിക്കേണം എന്ന് കാണുന്നു, " എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നും തിരുവെഴുത്തുകൾ പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും" .

കിണറു കുഴിക്കുന്നതിന് രണ്ട് വഴികളുണ്ട്. ഇംഗ്ലണ്ടിലെ ഒരു പുരയിടത്തിൽ ഒരു ചെറുപ്പക്കാരൻ ഉണ്ടായിരുന്നു, അവിടെ ഒരു കാലിത്തൊഴുത്തും ഉണ്ടായിരുന്നു. കാലിത്തൊഴുത്തു കഴുകുന്ന ദിവസം ആ പമ്പ് ഉപയോഗിക്കുമായിരുന്നു. എന്റെ കൈ ക്ഷീണിക്കുന്നതുവരെ ധാരാളം പ്രാവശ്യം ഞാൻ പമ്പു ചെയ്തു. എന്നാൽ അവർക്കും എളുപ്പവഴി ഉണ്ട് ഇപ്പോൾ. കുറച്ച് കുഴിച്ച് അതിലൂടെ പമ്പ് ഇറക്കിവച്ച് പണിയെ വളരെ ലളിതമാക്കാം. വലിയ ആയാസമില്ലാതെ തന്നെ ഒരു ക്രിത്രിമക്കിണർ ആക്കാം. ആഴത്തിൽ നിന്നും ധാരാളം വെള്ളം വലിച്ചു കയറ്റുകയും ചെയ്യാം.

ഞാൻ വിശ്വസിക്കുന്നു, ദൈവം തന്റെ മക്കളെക്കുറിച്ച് ആലോചിക്കുന്നത് ഓരോ ക്രിത്രിമക്കിണർ ആയിരിക്കാനാണ്. ആയാസകരമായി വെള്ളം കോരുവാനല്ല; എന്നാൽ ഒരു ഒഴുക്കുണ്ടാകുവാനത്രേ. ശുശ്രൂഷകന്മാർ പുൾപിറ്റുകളിൽ നിന്നു പറയുകയല്ലെ ഞാൻ ധാരാളം പമ്പു ചെയ്തു, ഞാൻ ഇത് ചെയ്താൽ മതിയായി.രുന്നു. എനിക്ക് അറിയാം, അത് എങ്ങനെയെന്ന്. ശുശ്രൂഷകന്മാർ പുൾപിറ്റുകളിൽ നിന്ന് പ്രസംഗിക്കുകയാണ്, ആളുകൾ ഉറങ്ങുകയാണ്, ഗ്രഹിക്കാൻ കഴിയുന്നില്ല. എന്താണ് കുഴപ്പം? ജീവജലം അവിടെയില്ല. അവർ പമ്പ് ചെയ്യുന്നു. എന്നാൽ കിണറ്റിൽ വെള്ളം ഇല്ല. ഒരു വരണ്ട കിണറിൽ നിന്നും നിങ്ങൾ ക്ക് വെള്ളം കിട്ടുകയില്ല. കിണറ്റിൽ നിന്നും ഒന്നും കിട്ടുന്നില്ല. അഥവാ കിണറ്റിൽ ഒന്നുമില്ല.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഒരു ആരാധനയുടെമേൽ ഉണ്ടെങ്കിൽ നാം അഭിഷേകം ചെയ്യപ്പെട്ടു. അപ്പോൾ നാം വലിയ കാര്യങ്ങൾ ചെയ്യും. " ദാഹിച്ചിരിക്കുന്ന ഇടത്ത് വെള്ളവും വരണ്ട നിലത്തും നീരൊഴുക്കുകളും പകരും ". ദൈവം പറയുന്നു. എത്ര നല്ല അനുഗ്രഹിക്കപ്പെട്ട ചിന്തയാണത്. " നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ, അവർക്കു തൃപ്തി വരും" (മത്താ. 5:6).

പുറത്തേക്കൊഴുകുന്ന അരുവി

ജീവജലത്താൽ നിറഞ്ഞിരിക്കുന്ന ഒരു വ്യക്തിയെ കാണാൻ ഞാൻ ആഗ്രഹിക്കുന്നു. വളരെ നിറഞ്ഞിരിക്കുന്നു, ഉൾക്കൊള്ളുവാൻ കഴിയുന്നില്ല, വളരെ നിറഞ്ഞിരിക്കുന്നു ദൈവകൃപയുടെ സുവിശേഷവുമായി പോകേണ്ടിയിരിക്കുന്നു. ഒരു മനുഷ്യൻ വളരെ നിറഞ്ഞശേഷം അവന് അല്പം പോലും ഉൾക്കൊള്ളുവാൻ കഴിയുന്നില്ല. അപ്പോൾ അവൻ വേലയക്ക് തയ്യാർ ആകും.

നാം ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിറഞ്ഞവർ ആയിരിക്കേണം, അപ്പോൾ നമുക്കു ലോകത്തിനു കൊടുപ്പാൻ ദൂതു ഉണ്ടായിരിക്കും, ലോകത്തെയും ജഡത്തെയും പിശാചിനെയും ജയിക്കും. ആളുകൾ നിങ്ങളുടെ അടുക്കൽ വന്ന് ചോദിക്കും. എങ്ങനെ നിങ്ങൾക്കിതു കിട്ടി? എനിക്കു ഈ ശക്തി വേണം. നിങ്ങൾക്ക് ചിലതുണ്ട്, അതു എനിക്കു കിട്ടിയില്ല. എനിക്കിതു വേണം.

അതെ, ദൈവമേ, ഞങ്ങൾക്കിത് കാണിച്ചുതരേണമേ.

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

സേവനത്തിനുള്ള ആത്മശക്തി

വലതുവശത്ത് ഞങ്ങൾ വലവീശട്ടേ. ഞങ്ങളുടെ പാപങ്ങളെ ക്ഷമിക്കുവാൻ ഞങ്ങളുടെ ദൈവത്തോടു പ്രാർത്ഥിക്കുന്നു, ഉയരത്തിലെ ശക്തിയാൽ ഞങ്ങളെ അഭിഷേകം ചെയ്യേണമേ. എന്നാൽ ഓർക്കേണമേ, ക്ഷമയില്ലാത്ത ഒരുവന് കൊടുക്കുവാനാഗ്രഹിക്കുന്നില്ല, ഒരു സ്വാർത്ഥമനുഷ്യന് ഇത് ലഭിക്കുകയില്ല. ഒരു മനുഷ്യൻ തന്നെത്തന്നെ ഒഴിക്കുന്നത് വരെ പരിശുദ്ധാത്മാവ് പകരുകയില്ല, അഹങ്കാരിക്ക് ഇത് കിട്ടുകയില്ല, ലോകചിന്തകൾ നിറഞ്ഞിരിക്കുന്ന ഒരുവന് ഇത് ലഭിക്കയില്ല. ദൈവത്തിന്റെ മഹത്വം കൊണ്ട് നിറയട്ടേ, നമ്മുടെ സ്വയം നാം അന്വേഷിക്കാതിരിക്കട്ടെ, ആ പോയിന്റിലേക്കു വരട്ടെ, എത്ര വേഗത്തിൽ നമ്മുടെ ദൈവം നന്മകളാൽ നമ്മെ അനുഗ്രഹിക്കുന്നു. നമ്മുടെ അനുഗ്രഹത്തിന്റെ നിറവുകൾ പൂർത്തിയാവുന്നു.

നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ അളവ് അറിയാമോ? നല്ല അളവ് അമർത്തിത്തരുന്നു, കുലുക്കിത്തരുന്നു. നിറഞ്ഞു കവിയുന്നു (ലൂക്കൊ. 6:38). നമ്മുടെ ഹൃദയം ദൈവവചനത്താൽ നിറയും എങ്കിൽ, സാത്താൻ എങ്ങനെയാണ് അകത്തു കടക്കുക? എങ്ങനെയാണ് ലോകം അകത്തു കടക്കുന്നത്? സ്വർഗ്ഗത്തിന്റെ അളവ് നല്ല അളവ്, നിറഞ്ഞ അളവ്, കവിയുന്ന അളവ്. നിങ്ങൾക്ക് ഈ നിറവുണ്ടോ? ഇല്ല എങ്കിൽ, ഇതിനെ അന്വേഷിക്കുക. പറയുക, ദൈവകൃപയാൽ നിങ്ങൾക്കിതു കിട്ടും, നിങ്ങൾക്ക് തരുവാൻ പിതാവ് ഇഷ്ടപ്പെടുന്നു (12:32).

അവിടുന്ന് ആവശ്യപ്പെടുന്നു നിങ്ങൾ ഈ ലോകത്തിൽ പ്രകാശിക്കുക. തന്റെ വേലക്ക് വേണ്ടി നിങ്ങളെ ഉയർത്തുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു. നിങ്ങൾ പരീക്ഷിക്കപ്പെടുമ്പോൾ ദൈശക്തി പകരപ്പെടുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു. അവിടുന്ന് നമ്മെവിട്ട് അകന്നിരിക്കുമ്പോൾ, വാങ്ങുവാനും വില്ക്കുവാനും, നേടുവാനും ക്രിസ്തുവിനെ മഹത്വപ്പെടുത്തുവാനും അവിടുന്ന് ആഗ്രഹിക്കുന്നു. ആത്മനിറവില്ലാതെ എന്ത് ചെയ്യുവാനാണ് നിങ്ങൽ പോകുന്നത്? അതാണ് ചോദ്യം. ആത്മാവിന്റെ ശക്തിയില്ലാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാദ്ധ്യമല്ല.

ക്രിസ്തു പറഞ്ഞു, “എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽവരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു” (പ്രവൃത്തി. 1:8). പെന്തെക്കോസ്തുനാളിൽ, പത്തു ദിവസങ്ങൾക്ക് ശേഷം യേശുക്രിസ്തു മഹത്വീകരിക്കപ്പെട്ടു, പരിശുദ്ധാത്മാവ് ശക്തിയോടെ ഇറങ്ങി. ഒരു പക്ഷേ ചില ചോദ്യങ്ങൾ ദൈവശക്തിയുടെ ഇപ്പോഴത്തെ സാദ്ധ്യതകളെക്കുറിച്ച് ചോദിച്ചേക്കാം. അവർ ചിന്തിക്കുന്നത് പെന്തെക്കോസ്തുനാളിൽ ഇറങ്ങിയ ശക്തി പിന്നെ ഇറങ്ങിയിട്ടില്ല എന്നാണ്; ഇനി ഒരിക്കലും ആ ശക്തിയോടും കൂടെ വരികയില്ല എന്ന് അവർ വിശ്വസിക്കുന്നു.

പുതിയ പകർച്ചകൾ

പ്രവൃത്തി 4:31 ലേക്ക് ശ്രദ്ധ തിരിച്ചാൽ പരിശുദ്ധാത്മാവ് രണ്ടാം പ്രാവശ്യം അവർ ആയിരുന്ന സ്ഥലത്ത്, ആ സ്ഥലം കുലുങ്ങി അവർ എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. വസ്തുത എന്നത്, നാം ചോർച്ചയുള്ള പാത്രങ്ങളാണ്, നാം നിറഞ്ഞിരിക്കുന്ന നിറവുകൾ നാം സൂക്ഷിക്കേണ്ടതുണ്ട്, അതിനു പുതിയ പകർച്ച ആവശ്യമാണ്. നമുക്കു പലർക്കും ഉണ്ടായ തെറ്റ് എന്നത് 10 ദിവസങ്ങൾക്ക് മുമ്പേ ആത്മാവിനെ തന്നു, അല്ലെങ്കിൽ പത്തു വർഷങ്ങൾക്ക് മുമ്പ്. അത് ആവശ്യമെങ്കിൽ, നാം പറയും, നാം ആ കൃപയുടെ കൂടെ പോകും. ഞങ്ങൾക്ക് ആവശ്യം ഒരു പുതിയ പകർച്ച, പുതിയ അഭിഷേകവും, പുതിയ ശക്തിയും നാം അതിനെ അന്വേഷിക്കും എങ്കിൽ, പൂർണ്ണ ഹൃദയത്തോടെ നാം അതു പ്രാപിക്കും.

പഴയ മാനസാന്തരികൾ ഈ ശക്തിയെ പഠിപ്പിച്ചു. ഫിലിപ്പോസ് ശമര്യയിലേക്ക് പോയി, അവിടെ വലിയവേല ചെയ്തതിനെക്കുറിച്ച് യരുശലേമിൽ അറിഞ്ഞു. അവിടെ ധാരാളം പേർ മാനസാന്തരപ്പെട്ടു. യോഹന്നാനും പത്രൊസും പോയി. അവർ മാനസാന്തരപ്പെട്ടവരുടെമേൽ കൈവച്ചു, അവരുടെ വേലയ്ക്കുള്ളവർ ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. അതാണ് ഇന്നത്തെ വിശ്വാസികളും നോക്കിപ്പാർക്കുന്നത് സേവനത്തിനു വേണ്ടി. ദൈവത്തിന്റെ പരിശുദ്ധാത്മാവ് തന്റെ സഭയുടെ പണിക്കായി മഹത്വത്തോടെ ശക്തിയായി ഉപയോഗിക്കട്ടെ.

ഞാൻ ഉറച്ച് വിശ്വസിക്കുന്നു. സഭ അതിന്റെ പണിക്കായി അറിവു പകർന്നു കൊടുത്തു. എവിടെയൊക്കെയോ അതിനെ തെറ്റായി വ്യാഖ്യാനിക്കപ്പെട്ടു, അതുകൊണ്ട് വിശ്വാസികൾ ശക്തിയില്ലാത്തവരായിത്തീർന്നു. ചിലപ്പോൾ 100പേർ സഭയിൽ കാണും, അവർ ഈ ദൈവശക്തിയെ പുതുക്കുന്നില്ല. അതു തെറ്റ്. അവർ ദൈവത്തിന്റെ അഭിഷേകം പ്രാപിച്ചിരുന്നു എങ്കിൽ ഈ നൂറുപേരോടുകൂടി അനേകായിരങ്ങൾ കൂട്ടിച്ചേർക്കപ്പെടുമായിരുന്നു.

ദാഹമുള്ളയിടത്തും വെള്ളം പകരപ്പെടുന്നു.

ഒരു വലിയ സമൂഹം സഭകളും ഇന്ന് മരുഭൂമിയായിത്തീർന്നിരിക്കുന്നു, എല്ലായ്പ്പോഴും ശൂന്യവുമായിത്തീർന്നു, ജീവൻ അവരിൽ ഇല്ല. അവർ ദൈവാത്മാവിനാൽ നിറയപ്പെട്ട ഒരാളുടെ അടുത്ത് ഇരിക്കുന്നു. അവർ പച്ചവൃക്ഷംപോലെയാണ്, ഫലം പുറപ്പെടുവിക്കുന്നു. എന്നാൽ അവർ സമാനമായ ഒരു അനുഗ്രഹം അന്വേഷിക്കുന്നില്ല. എന്തുകൊണ്ട് ഈ വ്യത്യാസം? കാരണം ദാഹിച്ചിരിക്കുന്നവരുടെമേൽ വെള്ളം പകർന്നു കൊടുക്കുന്നു, ഇതാണ് വ്യത്യാസം. ഒരുവൻ ഈ അഭിഷേകം അന്വേഷിക്കുന്നു, അതു പ്രാപിക്കുന്നു. അവൻ എല്ലാറ്റിനും മുകളിലേക്ക് നോക്കുന്നു. ദൈവം അത് ഞങ്ങൾക്ക് തരുന്നു. ഇപ്പോൾ ഒരു ചോദ്യം ഉണ്ട്, നിങ്ങൾക്കിത് ആവശ്യമുണ്ടോ?

ആദ്യം ഞാൻ ഇംഗ്ലണ്ടിലേക്ക് പോയി, ബൈബിൾ വായന തന്നപ്പോൾ, ആദ്യമായിട്ടാണ് ആ രാജ്യത്ത് അത് നല്കപ്പെടുന്നത് ധാരാളം ശുശ്രൂഷകന്മാർ അവിടെയുണ്ടായിരുന്നു. എനിക്ക് ഇംഗ്ലീഷ് തിയോളജിയെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നു. ഞാൻ ഭയപ്പെട്ടു, അവരുടെ വിശ്വാസപ്രമാണങ്ങൾക്കെതിരെ പോകണമായിരുന്നു. ഞാൻ ഒന്നു പതറി, ശുശ്രൂഷയ്ക്കുള്ള ദൈവശക്തിയായിരുന്നു വിഷയം. ഒരു ക്രിസ്ത്യൻ ശുശ്രൂഷകൻ കയ്യിൽ തലചാരി, ഞാൻ ഓരോ വാക്കും പറയുമ്പോൾ അദ്ദേഹം ലജ്ജിതനായി തോന്നി. അതെനിക്കു വല്ലാതെ തോന്നി. എന്റെ സംസാരത്തിനൊടുവിൽ അദ്ദേഹം തൊപ്പി കയ്യിലെടുത്തു. അദ്ദേഹം ഇറങ്ങിപ്പോയി, അപ്പോൾ ഞാൻ ചിന്തിച്ചു, “കൊള്ളാം, ഞാൻ

(ശേഷം 8-ാംപേജിൽ)

(7-ാംപേജിന്റെ തുടർച്ച)

സേവനത്തിനുള്ള ശക്തി

അദ്ദേഹത്തെ ഒരിക്കലും കാണുകയില്ല". അടുത്ത യോഗത്തിൽ ഞാൻ അദ്ദേഹത്തെ അന്വേഷിച്ചു, അദ്ദേഹം അവിടെയില്ലായിരുന്നു. വീണ്ടും അടുത്ത യോഗത്തിൽ ഞാൻ അദ്ദേഹത്തെ അന്വേഷിച്ച് അദ്ദേഹം അവിടെയില്ലായിരുന്നു. ഞാൻ ചിന്തിച്ചു എന്റെ പഠിപ്പിക്കലുകൾ പ്രതികൂട്ടിലാക്കിയേക്കാം.

എന്നാൽ കുറച്ചു ദിവസങ്ങൾക്ക് ശേഷം ഒരു വലിയ ഉച്ചയോഗത്തിൽ ഒരു മനുഷ്യനിൽ നിന്ന് അദ്ദേഹത്തിന്റെ മുഖം മറുപരുപ മലയിൽ ആയിരുന്ന ശിഷ്യന്മാരുടെ മുഖം പോലെ പ്രകാശിക്കുന്നതായി ഞാൻ കണ്ടു. ഞാൻ അദ്ദേഹത്തെ നോക്കി. എനിക്ക് സന്തോഷം തോന്നി, കാരണം ഇത് ആ മനുഷ്യൻ ആണ്. അദ്ദേഹം പിരിഞ്ഞു, ബൈബിൾ വായനയുടെ സമയം അദ്ദേഹം ഉണ്ടായിരുന്നു, സുവിശേഷം പ്രസംഗിക്കുവാൻ പുതിയ ശക്തി ആവശ്യമാണ് എന്ന് ഞാൻ കേട്ടു. അദ്ദേഹം പറഞ്ഞു, ആ ദൂത് എനിക്കുവേണ്ടിയുള്ള തായിരുന്നു. അദ്ദേഹം വീട്ടിലേക്ക് പോയി, ഗുരുവിങ്കേലക്ക് നോക്കി തന്റെ ജീവിതത്തിൽ ഇങ്ങനെയൊരു അനുഭവം ഇല്ലായിരുന്നു. നാം അറിയാത്ത പാപങ്ങൾ തന്റെ ജീവിതത്തിലൂണ്ടായിരുന്നു അന്ന് അത് ദൈവത്തോട് ഏറ്റുപറഞ്ഞു, അദ്ദേഹം ശക്തിയായി കരഞ്ഞു, തന്റെ ഹൃദയത്തെ ദൈവസന്നിധിയിൽ സമർപ്പിച്ച് പരിശുദ്ധാത്മാവിനെ പ്രാപിച്ചു. അദ്ദേഹം പറഞ്ഞു. ദൈവം എന്റെ പ്രാർത്ഥന കേട്ടു.

6 മാസങ്ങൾക്ക് ശേഷം എഡിൻ ബറോയിൽ വച്ച് ഞാൻ അദ്ദേഹത്തെ കണ്ടു, അദ്ദേഹം എന്നോട് പറഞ്ഞു ആ ദിവസങ്ങളിൽ രാത്രികാലങ്ങളിൽ അദ്ദേഹം സുവിശേഷം പ്രസംഗിച്ചു. ആളുകൾ വന്നു കൂടുവാൻ തുടങ്ങി. 30 ദിവസങ്ങൾക്കകം ആ കെട്ടിടം നിറഞ്ഞു കവിഞ്ഞു. വ്യത്യസ്ത സഭകളിൽ അദ്ദേഹം പ്രസംഗിച്ചു. അദ്ദേഹം വിശ്വസിച്ച് ഒരു തീകത്തിച്ചു, ദൈവത്തിന്റെ അഭിഷേകത്തിന്റെ തീ എന്നിൽ ഇറങ്ങി ദിവസങ്ങൾക്കകം അതിന്റെ ഫലം കാണുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ പാത്രം ശുദ്ധവെള്ളത്താൽ നിറഞ്ഞു, അതു കവിഞ്ഞൊഴുകാൻ തുടങ്ങി, ആളുകൾ അത് അറിഞ്ഞു, ഓരോ ദിവസവും കൂട്ടം കൂട്ടമായി ആളുകൾ വരാൻ തുടങ്ങി. അരുവികൾ ശക്തമായി ഒഴുകാൻ തുടങ്ങി. ആളുകൾ ദൈവശക്തി പ്രാപിപ്പാൻ തുടങ്ങി.

മറ്റൊരു പ്രായമായ ശുശ്രൂഷകൻ, അദ്ദേഹം എന്റെ ഓർമ്മയിലേക്ക് വന്നു. അദ്ദേഹം പറഞ്ഞു, എനിക്ക് ഹൃദയത്തിന് രോഗമുണ്ട്. ആഴ്ചയിൽ ഒരിക്കൽ മാത്രമേ എനിക്കു പ്രസംഗിപ്പാൻ കഴിയൂ. അതുകൊണ്ട് ഒരു സഹായി തനിക്കുണ്ട്. ബാക്കി സമയം പ്രസംഗിക്കയും വിസിറ്റിംഗ് നടത്തുകയും ചെയ്യുന്നു. അദ്ദേഹം ഈ അഭിഷേകത്തെക്കുറിച്ചു കേട്ടു, അദ്ദേഹം പറഞ്ഞു. " ഞാൻ എന്റെ അടക്കത്തിനു വേണ്ടി അഭിഷേകം ചെയ്യേണം എന്നാഗ്രഹിക്കുന്നു എന്ന് പറഞ്ഞു. മരിക്കുന്നതിനു മുമ്പ് ഒരു പ്രാവശ്യം കൂടെ ശക്തിയോടെ പ്രസംഗിപ്പാൻ എനിക്ക് സഹായിക്കേണം എന്നു പറഞ്ഞു. അദ്ദേഹം പ്രാർത്ഥിച്ചു, ദൈവം തന്റെ ആത്മാവിനാൽ അദ്ദേഹത്തെ അഭിഷേകം ചെയ്തു.

അതെ, ദൈവം തന്റെ ജനത്തെ അഭിഷേകം ചെയ്യും! ശുശ്രൂഷയെ മാത്രമല്ല, എന്നാൽ, ഓരോ ശിഷ്യനെയും പാസ്റ്ററന്മാരെ മാത്രമല്ല, ആവശ്യപ്പെടുന്ന ഓരോരുത്തരേയും, അമ്മമാരെ മാത്രമല്ല, കുടുംബത്തെ എങ്ങനെ നയിക്കണം എന്നതിനെയും ശുശ്രൂഷകന്മാരെ പുൾപിറ്റിൽ മാത്രമല്ല, സണ്ടെസ്കൂളിലും നമുക്കു എല്ലാവർക്കും ഇത് ആവശ്യമുണ്ട്. ഇത് ലഭിക്കുവോളം രാത്രിയിലും പകലിലും ഇതിനുവേണ്ടി പ്രാർത്ഥിക്കാം. ഉയരത്തിലെ ചിന്തകളാൽ നമ്മുടെ ഹൃദയങ്ങൾ നിറയട്ടേ. ദൈവം നമുക്കു തരും, നമ്മുടെ ദാഹവും വാഞ്ചയും അതായിരിക്കട്ടെ, എന്നിട്ട് പറയുക, " ദൈവം സഹായിക്കുന്നു, ഉയരത്തിൽ നിന്നും ശക്തി പകരുവോളം ഞാൻ വിശ്രമിക്കില്ല". ❖

നിറവും കവിഞ്ഞൊഴുക്കും

By Andrew Murray

എന്നിൽ വിശ്വസിക്കുന്നവന് ഒരു നാളും ദാഹിക്കയില്ല (യഹോ. 6:35). എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നും തിരുവെഴുത്തുകൾ പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് വിളി ച്ചു പറഞ്ഞു (യോഹ. 7:38).

പെന്തെക്കോസ്തു നാളിന്റെ നിറഞ്ഞ അനുഗ്രഹങ്ങൾ ഇപ്പോഴും വ്യാപരിക്കുന്നുണ്ടോ? ഏതെങ്കിലും നിറവിന് ഇന്നും അങ്ങനെ നിറഞ്ഞു നില്പാൻ കഴിയുമോ? അതെ, സംശയമില്ല. ഇതിന് എപ്പോഴും നിറഞ്ഞിരിക്കുവാൻ കഴിയും. കവിഞ്ഞൊകുവാനും കഴിയും. ഈ സ്വഭാവം പെന്തെക്കോസ്തിന്റെ അനുഗ്രഹത്തിന്റെ നിയമമാണ്.

മുകളിൽ ഉദ്ധരിച്ച യേശുവിന്റെ വചനങ്ങൾ നമുക്കു ഇരട്ട അനുഗ്രഹങ്ങൾ ആണ്. ആദ്യമായി, യേശുക്രിസ്തു പറയുന്നു, എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കയില്ല. അവിടുന്ന് എല്ലായ്പ്പോഴും തന്നിൽ തന്നെ ജീവനുണ്ട്. അതായത്, എല്ലാ ആവശ്യങ്ങളുടെയും നിറവാണ്. അപ്പോൾ അവിടുന്ന് എല്ലായ്പ്പോഴും തന്നിൽ തന്നെ ജീവനുണ്ട് അതായത് എല്ലാ ആവശ്യങ്ങളുടെയും നിറവാണ്. അപ്പോൾ അവിടുന്ന് പറയുന്നു. കൂടുതൽ മഹത്വകരമാണ്. അവിടുത്തെ വിശ്വസിക്കുന്നവർ, അവന്റെ ഉള്ളിൽ ജീവജലത്തിന്റെ നദികൾ തടസം കൂടാതെ ഒഴുകി അനേകരുടെ ദാഹം തീർക്കുവാൻ കാരണമാകുന്നു. ഇത് നിറവിന്റെയും കവിഞ്ഞൊഴുക്കിന്റെ ഇടക്കുള്ള ശ്രേഷ്ഠമേറിയ അനുഭവമാണ്.

ഒരു പാത്രം നിറയുമായിരിക്കാം എന്നാൽ മറ്റുള്ളവർക്കുവേണ്ടി കവിഞ്ഞൊഴുകുകയില്ല. നിറവ് തുടർന്നാൽ മറ്റുള്ളവർക്കു പ്രയോജനപ്പെടട്ടെ എന്ന് വിചാരിച്ചാൽ അത് കവിഞ്ഞൊഴുകാൻ തുടങ്ങും. എപ്പോഴും ഒഴുകുന്ന സേവനം. അതാണ് വിശ്വസിക്കുന്ന ശിഷ്യന്മാർക്കു കർത്താവു നൽകിയ വാഗ്ദത്തം. വിശ്വസിക്കുന്നവർക്ക് ഒരു നാളും ദാഹിക്കില്ല. എന്നാൽ, അവർ മുമ്പായി വിശ്വാസത്തിൽ ശക്തരായിത്തീരണം. ഇത് അവരെ ഒരു ഉറവായാക്കിത്തീർക്കുന്നു. അത് അരുവികളായി മറ്റുള്ളവരിലേക്ക് ഒഴുകുന്നു. നിറവു പ്രാപിക്കുന്നവർ നിറഞ്ഞൊഴുകി ചുറ്റുമുള്ള ആത്മാക്കൾക്കുവേണ്ടി ഒഴുകുന്നു.

ഇത് ജീവജലത്തിന്റെ ഉറവകളായി ഭൂമിയിലനേകർക്ക് പ്രയോജനമുള്ളവരായിത്തീരുന്നു. നാം അതിനായി ആരംഭിക്കുമ്പോൾ, ഒഴുക്കു വളരെ കുറവായിരിക്കും. വെള്ളം ധാരാളമായി ഉപയോഗിക്കു

(ശേഷം 9-ാം പേജിൽ)

(8-ാംപേജിന്റെ തുടർച്ച)

നിറവും കവിഞ്ഞൊഴുക്കും

മ്പോൾ അത്രയും ആഴത്തിൽ ഉറവ തുറക്കുന്നു, വെള്ളം ഉപയോഗിക്കുന്നു, ശക്തിയായി ഒഴുക്കുണ്ടാകുന്നു. ത്മിക ജീവിതത്തിന് ഈ തത്വം യോജിക്കുന്നതാണ്. ആത്മാവിന്റെ നിരവുകൾ ഉണ്ടായിട്ട് അത് നമ്മിൽ നിന്നും കവിഞ്ഞൊഴുകുന്നു. ഇതുപോലെ ധാരാളം ലളിതമായ നിർദ്ദേശങ്ങൾ ഇതിന്റെ ആശയങ്ങൾ വെളിവാക്കുന്നതായിട്ടുണ്ട്.

നിനക്കുള്ളത് പിടിച്ചു കൊൾക

ദൈവം നൽകിയിരിക്കുന്ന അനുഗ്രഹങ്ങളെ തെറ്റിദ്ധരിക്കരുത് ദൈവത്തിന്റെ നിറഞ്ഞ അനുഗ്രഹങ്ങളിൽ ഒരു തെറ്റായ ചിന്താഗതിയും ഇല്ല എന്നുറപ്പാക്കുക. പെന്തെക്കോസ്തിന്റെ സന്തോഷവും ശക്തിയും പെട്ടെന്ന് കാണുവാനും അനുഭവിപ്പാനും ഉള്ളതാണ് എന്ന് ചിന്തിക്കരുത്. പൂർണ്ണഹൃദയത്തോടെ നിങ്ങളെത്തന്നെ ദൈവത്തിന് കൊടുക്കുന്നു എന്ന് അറിയുന്നു എങ്കിൽ, ദൈവം യഥാർത്ഥ്യമാണ് എന്ന് നിങ്ങൾ അറിയുന്നു എങ്കിൽ പൂർണ്ണഹൃദയത്തോടെ, തന്റെ വാഗ്ദത്തം നിങ്ങളിൽ നിറവേറ്റുവാൻ കാത്തിരിക്കുന്നു എങ്കിൽ, ശാന്തമായി ഏകാഗ്രതയോടെ കാത്തിരിക്കുക. ഹബക്കൂക്കിനോട് ചേർന്ന് ഇങ്ങനെ പറയുക: മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകയില്ല ഒലിവു മരത്തിന്റെ പ്രയത്നം നിഷ്ഫലമായിപ്പോകും; നിലങ്ങൾ ആഹാരം വിളയിക്കയില്ല; ആട്ടിൻ കൂട്ടം തൊഴുത്തിൽ നിന്നും നശിച്ചു പോകും; ഗോശാലകളിൽ കന്നുകാലികൾ ഉണ്ടായിരിക്കയില്ല. എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും; എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും (ഹബ. 3:17,18).

ദൈവം നിറയ്ക്കുവാൻ വേണ്ടി തെരഞ്ഞെടുത്ത ഒരു പാത്രമാണ് എന്ന് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ നിങ്ങളുടെ സമർപ്പണത്തിലൂടെ കർത്താവായ യേശുക്രിസ്തുവിലൂടെ നിങ്ങളെ ശുദ്ധീകരിച്ചിരിക്കുന്നു എങ്കിൽ. അനുദിനം ഈ ചിന്താഗതിയിൽ വസിക്കുന്നു എങ്കിൽ അനുഗ്രഹം നിങ്ങളിൽ വളരുകയും അത് മറ്റുള്ളവർക്ക് വേണ്ടി കവിഞ്ഞൊഴുകാനും ആരംഭിക്കും. “ഞാൻ ശ്രേഷ്ഠവും മാന്യവുമായൊരു മൂലക്കല്ല് സീയോനിൽ ഇടുന്നു, അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചു പോകയില്ല (1പത്രൊ. 2:6)

സ്വയത്യാഗത്തിനും അർപ്പണത്തിനുമായി പരിശ്രമിക്കുക.

ഞാൻ ഒരു സംഭരണി വെള്ളത്തിനുവേണ്ടി ആഗ്രഹിക്കുന്നു എങ്കിൽ, അതിനു വേണ്ടി ഞാൻ കുഴിക്കേണം, ധാരാളം സ്ഥലം അതിനാവശ്യമുണ്ട്, വലിയ അളവിലുള്ള വെള്ളം എനിക്ക് സംഭരിക്കുവാൻ കഴിയും, ധാരാളമായി വെള്ളം ഒഴുകുമ്പോൾ തടസങ്ങൾ മാറുന്നു. പൂർണ്ണ അളവിൽ വെള്ളം ഒഴുകുന്നതിനുള്ള തടസ്സങ്ങൽ മാറുമ്പോൾ ശുദ്ധീകരണത്തിനു വേണ്ടിയുള്ള നിങ്ങളുടെ സമർപ്പണം അഥവാ ആത്മാവിന്റെ പൂർണ്ണ അനുഗ്രഹത്തിന് വേണ്ടി, ശരിയായി സത്യം സംസാരിച്ചും കൊണ്ട് ത്യാഗത്തിനുള്ള ഒരുക്കത്തോടുകൂടി സ്വർഗ്ഗീയമായ മുത്തിനെ നേടുന്നതിലുള്ള എല്ലാ തടസങ്ങളെയും ഒഴിവാക്കി, നമ്മുടെ ഏകാഗ്രതകൾ ദൈവത്തിന് അംഗീകാരപ്രദമായിത്തീരണേം.

എന്നാൽ നിങ്ങൾ ഉപയോഗിക്കുന്ന വാക്കുകൾ എല്ലാം മനസിലാക്കേണം എന്നില്ല. ദൈവം നമ്മുടെ ഉള്ളം എന്തെന്ന് നമ്മെ പഠിപ്പിക്കുന്നു, നിങ്ങളുടെ ആത്മാവിൽ എത്രമാത്രം തറച്ചിരിക്കുന്നു എന്നു മനസിലാക്കി, എത്രമാത്രം തെറ്റുള്ളതും ആഴത്തിൽ മറഞ്ഞിരിക്കുന്നതുമായ നിങ്ങൾ പറയുകയും ചെയ്യുന്ന വാക്കുകളെ കൂട്ടിയിണക്കുന്നു. ആത്മാവിന് ഇരിക്കുവാൻ, വസിക്കുവാൻ ഒരിടം ഉണ്ടാക്കിക്കൊടുക്കുക, അനുദിനം ജീവിതത്തിൽ വർജ്ജനം ആചരിക്കുക, ദൈവം എപ്പോഴും തനിക്കായി ഒഴിച്ചിട്ടിരിക്കുന്ന വേർതിരിക്കപ്പെട്ട സ്ഥലത്ത് വസിക്കുന്നു എന്ന് ഉറപ്പു വരുത്തുക.

ഉപേക്ഷിക്കേണ്ടതിനെ എല്ലാം ഉപേക്ഷിച്ചു എന്നും യാഗമായിത്തീരേണ്ടതായതെല്ലാം യാഗമായിത്തീർന്നു എന്നു മനസ്സിലാക്കുക, ആത്മാവിന്റെ പഠിപ്പിക്കലിനു വേണ്ടി മനസു തുറന്നു വയ്ക്കുക, അവിടുന്ന് പഠിപ്പിക്കും. അനുഗ്രഹത്തിന്റം കവിഞ്ഞൊഴുക്കിൽ തടസ്സങ്ങൾ നീങ്ങിപ്പോകുന്നു.

നിങ്ങൾ യഥാർത്ഥമായി ആഗ്രഹിക്കുന്നുവോ പൂർണ്ണ അളവിൽ ആത്മാവിന്റെ അനുഗ്രഹം പ്രാപിപ്പാൻ? പരീക്ഷകൾ വരുന്നതിനു മുമ്പ് യേശുക്രിസ്തുവിന്റെ പൂർണ്ണ ശിഷ്യത്യം പ്രാപിപ്പാനായി അവിടുത്തെ അടിസ്ഥാന പ്രമാണങ്ങളെ പരിശീലിപ്പാൻ ഉത്സാഹിക്കുക. എല്ലാം ഉപേക്ഷിക്കുക. കഷ്ടം സഹിക്ക. ധൈര്യപ്പെടുക. ദൈവത്തിന്റെ വാഗ്ദത്തങ്ങളെ മുറുകെ പിടിക്കുക. ദൈവത്തിന്റെ പരിപൂർണ്ണ അനുഗ്രഹം നിങ്ങൾക്കു തരും.

യേശുക്രിസ്തു ദൈവസ്നേഹത്തിന്റെ പുത്രൻ ആണ്. സ്നേഹത്തിന്റെ വാഹകൻ, ദായകൻ,പരിപാലകൻ, അവിടുന്ന് ആണ്. അവിടുന്ന് സ്വർഗ്ഗത്തിലെ അദൃശ്യനായ ദൈവം ആണ്. ഭൂമിയിൽ തന്റെ മക്കൾക്ക് ദൃശ്യനായിരിക്കുന്നു. അവിടുന്ന് വന്നു, ജീവിക്കുന്നു, കഷ്ടപ്പെട്ടു, മരിച്ചു, പിതാവിന്റെ വലത്തു ഭാഗത്ത് ഇരിക്കുന്നു. അതായത്, എത്ര ഉന്നതമാണ് തന്റെ പദ്ധതികൾ, ബഹുമാനവും മഹത്വം അവിടുത്തേക്ക് അർപ്പിക്കാം.

പരിശുദ്ധാത്മാവ്, പിതാവായ ദൈവത്തിന്റെ ആത്മാവ് ക്രിസ്തുവിന്റെ ആത്മാവ് നമ്മെ സ്വർഗ്ഗത്തിലെ അവകാശിയാക്കിത്തീർക്കുവാൻ വന്നു, നമ്മുടെ ഹൃദയങ്ങളിൽ സ്നേഹം പകർന്നു തന്നു, തന്റെ സ്വരൂപത്തോട് അനമുരൂപരാക്കി.

നമ്മുടെ സ്വയത്തെയും സ്വാർത്ഥതയെയും പുറത്താക്കുവാൻ ആത്മാവ് വന്നു. ആത്മാവ് മറ്റുള്ളവരുടെ സന്തോഷം കാണുവാൻ നമ്മെ പ്രാപ്തരാക്കുന്നു. ദൈവത്തിന്റെ ആത്മാവ് ദൈവിക ജീവന്റെ കവിഞ്ഞൊഴുക്കാണ്. അവിടുത്തെ കരങ്ങളിൽ നമ്മെ സമർപ്പിച്ചാൽ, നദിപോലെ ജീവ ജലം പകർന്നു തരും, ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നും അത് കവിഞ്ഞൊഴുകും.

സ്നേഹിപ്പാനായി നിങ്ങളെതന്നെ ആത്മാവിന് സമർപ്പിക്ക. സ്നേഹം നിങ്ങളെ സംസാരിക്കുവാൻ, പ്രവർത്തിക്കുവാൻ കൊടുക്കുവാൻ, പ്രാർത്ഥിക്കുവാൻ, സ്നേഹം നമ്മെ സഹായിക്കും. തുറക്കപ്പെട്ട ഒരു വാതിൽ നമുക്കു ഇല്ലെങ്കിൽ അതിനുള്ള ധൈര്യം നമുക്കില്ലെങ്കിൽ, കൃപാസനത്തിൽ നിന്നും നമുക്ക് അതിനെ പ്രാപിക്കാം. ദൈവത്തെപ്പോലെ, യേശു ചെയ്തതുപോലെ, ആത്മാവ് ചെയ് തതുപോലെ ജീവിച്ച് മറ്റുള്ളവരെ അനുഗ്രഹിക്കാം. അപ്പോൾ അനുഗ്രഹത്തിന്റെ അരുവി നമുക്കായി ഒഴുകും, അത് കവിഞ്ഞൊഴുകും.

(ശേഷം 10-ാം പേജിൽ)

(9-ാംപേജിന്റെ തുടർച്ച)

നിറവും കവിഞ്ഞൊഴുക്കും

യേശു തന്നെ നമുക്ക് എല്ലാമായിരിക്കട്ടെ.

വചനം പറയുന്നു, അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു, സകലത്തിലും താൻ മുമ്പനാകേണ്ടതിന് അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്നും ആദ്യനായി എഴുന്നേറ്റവനും ആകുന്നു. അവനിൽ സർവ്വസമ്പൂർണ്ണതയും വസിപ്പാനും... (കൊലൊ. 1:18,19). "ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്രയുണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രേ; അതുകൊണ്ട് ഞങ്ങളാൽ ദൈവത്തിന് മഹത്വം ഉണ്ടാകുമാറ് അവനിൽ ആമേൻ എന്നും തന്നെ" (2കൊരി. 1:20). കർത്താവ് സംസാരിക്കുമ്പോൾ ജീവജലത്തിന്റെ നദികൾ, അവിടുന്ന് വാഗ്ദത്തങ്ങളെ കൂട്ടിച്ചേർത്ത് ഇങ്ങനെ പറയുന്നു, എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നും തിരുവെഴുത്തുകൾ പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും. ആ വാക്ക് നാം മനസിലാക്കിയിരിക്കുന്നു എങ്കിൽ വിശ്വസിക്കുന്നു. ശരിയായി എങ്ങനെയാണ് അനുഗ്രഹങ്ങൾ വർദ്ധിക്കുന്നത് എന്നതിന് വേറെ ഉത്തരം ആവശ്യപ്പെടുന്നില്ല.

നിങ്ങൾ വിശ്വസിക്കും എങ്കൽ അതിനെക്കുറിച്ചുള്ള പാഠം പഠിക്കുക, നിങ്ങൾ ദൈവത്തിന്റെ മഹത്വം കാണും. ഓരോ സംശയങ്ങളും ബലഹീനതകളും, ഓരോ പരീക്ഷകളും ആശ്രയിപ്പാൻ കാരണമാവുന്നു, യേശുവിൽ സന്തോഷിച്ച്, ദൈവത്തിന് പ്രവർത്തിപ്പാൻ ജീവിതത്തെ വിധേയപ്പെടുത്തുന്നു.

രണ്ട് വഴികൾ വിശ്വാസികൾക്ക് വാദിക്കുവാനും പാപത്തിനെതിരെ നില്പാനും ആയിട്ടുണ്ട്. സർവ്വശക്തിയോടും കൂടെ എതിർത്തു നിൽക്കുക, ദൈവത്തിൽ ആശ്രയിക്കുക. വൈരുദ്ധ്യങ്ങൾ വരുമ്പോൾ ഇച്ഛാശക്തിയിൽ ഉറച്ചു നിൽക്കുക. രണ്ടാമതേതേത് കർത്താവിങ്കലേക്ക് തിരിയുക, സഹായത്തിനായി പ്രാർത്ഥിക്കുക. എന്നിട്ട് ഇങ്ങനെ പറയുക: "കർത്താവേ, ഞാൻ ശക്തിഹീനൻ. അവിടുന്ന് എന്നെ സൂക്ഷിക്കുന്നവൻ (സങ്കീ. 101:5). ഇത് വിശ്വാസത്തിന്റെ വഴി. "ദൈവത്തിൽ നിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു. ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ" (1യോഹ. 5:4).

അതെ, ഇത് അത്യാവശ്യമായ ഒരു കാര്യം അത്യാവശ്യം, കാരണം, ഇത് ഒരേയൊരു വഴി, അതിൽ യേശുമതിയായവൻ ഒരു കാര്യം അത്യാവശ്യം ആത്മാവിന്റെ പ്രവൃത്തി നിലനിർത്തണം.

ക്രിസ്തു നമുക്ക് എല്ലാറ്റിനും എല്ലാമാകുന്നു. നിമിഷം പ്രതി ഇത് നമുക്ക് പുതുക്കുന്നു. ഓരോ നിമിഷവും ശക്തി പകർന്ന് എന്നെ കാക്കുന്നു. ഞാൻ അവിടുത്തെ കൂട്ടായ്മയിൽ ആയിരിക്കുമ്പോൾ അവിടുന്ന് എല്ലാം എനിക്കുവേണ്ടി ചെയ്യുന്നു. ക്രിസ്തു ദൈവത്തിന്റെ നിറവാണ്. ദൈവത്തിന്റെ ജീവനാണ്. ദൈവസ്നേഹം എല്ലാം നമുക്കായി ഒരുക്കുന്നു. നമുക്ക് വേണ്ടി ആശയവിനിമയം നടത്തുന്നു. ആത്മാവ് ക്രിസ്തുവിന്റെ നിറവാണ്. ക്രിസ്തുവിന്റെ ജീവൻ, സ്വയമായി ആശയം വിനിമയം നടത്തുന്ന ക്രിസ്തുവിന്റെ സ്നേഹം, നമ്മെ ചുറ്റിയിരിക്കുന്നു.

ഞാൻ വിശ്വസിക്കുന്നു, ഞങ്ങൾ ക്രിസ്തുവിൽ ആയിരിക്കുന്നു, അവിടുന്ന് നമ്മെ ചുറ്റിയിരിക്കുന്നു, തന്റെ അത്യന്ത ശക്തിയാൽ, നമ്മിലൂടെ തന്റെ ആത്മാവിന്റെ കവിഞ്ഞൊഴുക്കു നദിപോലെ അയക്കുന്നു. ഹൃദയം നിറഞ്ഞ ഉറപ്പോടെ അതിനെ ഏറ്റുകൊള്ളാം, അത് നമുക്ക് ഒരേ ഒരു അവസരമാണ്, ദൈവത്തിൽ സന്തോഷിക്കാം. എല്ലാം അവിടുത്തേയ്ക്കു വേണ്ടി യാഗമായി അർപ്പിക്കാം. അപ്പോൾ അവിടുത്തെ വചനം സത്യമായിത്തീരും, "എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നും തിരുവെഴുത്തുകൾ പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും". ആമേൻ.

❖

കർത്താവേ കവിഞ്ഞൊഴുകുവാൻ തക്കവണ്ണം അവിടുത്തെ ആത്മാവിനാൽ ഞങ്ങളെ നിറക്കേണമേ

By Rich Carmicheal

എത്ര അനുഗ്രഹിക്കപ്പെട്ട പ്രവൃത്തിയാണ് ദൈവത്തിന്റെ പരിശുദ്ധാത്മാവ് തന്റെ ശുശ്രൂഷയിലൂടെ തന്റെ സാന്നിദ്ധ്യവും ശക്തിയും നമ്മിൽ, നമ്മിലൂടെ ചെയ്തുകൊണ്ടിരിക്കുന്നത്. വ്യത്യസ്ത വിഷയങ്ങൾ പഠിക്കുമ്പോൾ, ആ സ്വാധീനം കർത്താവിനെയും അവിടുത്തെ മഹത്വത്തെയും വെളിപ്പെടുത്തുന്നതിൽ, പാപത്തിന്റെ സ്വാധീനത്തിൽ നിന്നും നമ്മെ സ്വതന്ത്രമാക്കുമ്പോൾ ആത്മിക സത്യത്തിലേക്ക് നമ്മെ വഴി നടത്തുമ്പോൾ, വിശുദ്ധ ജീവിതത്തിനും ക്രിസ്തു സമാനജീവിതത്തിനും നമ്മെ ശക്തിപ്പെടുത്തുമ്പോൾ, ആത്മിക ജീവിതത്തിലേക്ക് നമ്മെ നടത്തി നമ്മെ പുതുക്കം നൽകുന്ന അനുഭവത്തിലാക്കുമ്പോൾ, ശുശ്രൂഷയിൽ നമ്മെ അഭിഷേകം ഫലവത്തുമാക്കി നടത്തുമ്പോൾ പ്രാർത്ഥന ജീവിതത്തിൽ നമ്മെ ശക്തീകരിച്ച് നടത്തുമ്പോൾ ആത്മീക ഫലങ്ങളുമായി സ്നേഹം, സന്തോഷം സമാധാനം തുടങ്ങിയ ഫലങ്ങളുമായി കാണാൻ കഴിയുന്നു.

ഈ ലേഖനത്തൽ ശുശ്രൂഷയ്ക്കു വേണ്ടിയുള്ള ദൈവശക്തി (4), ഡി.എൽ. മൂഡി നൽകുന്ന ആത്മീക ജീവിതത്തിന്റെ പ്രാധാന്യം നമ്മുടെ ജീവിതത്തിൽ എന്ന വിഷയത്തൽ പൂർണ്ണനിറവിൽ ജീവജലം ഉള്ള ഒരു വ്യക്തിയെ കാണുവാനാഗ്രഹിക്കുന്നു. പൂർണ്ണമായി നിറയുവാൻ സാധ്യമല്ല, നിറഞ്ഞിരിക്കുന്നവർ പോയി ദൈവകൃപയുടെ സുവിശേഷം പ്രസിദ്ധമാക്കേണം. ദൈവത്തിന്റെ ആത്മാവ് നമ്മിൽ വസിക്കേണം, അങ്ങനെ ആണെങ്കിൽ നാം ലോകത്തിന്മേലും ജഡത്തിന്മേലും പിശാചിന്റെമേലും ജയമെടുക്കും. അവിടുന്ന് നമ്മെ ഓർപ്പിക്കുന്നത് സ്വർഗ്ഗത്തിന്റെ അളവ് എന്നത് ഒരു നല്ല അളവാണ്, അമർത്തുവാൻ കഴിയും, കുലുക്കുവാൻ കഴിയും. കവിയുന്ന അളവാണ് (ലൂക്കൊ. 6:38). അവൻ അതിനെ ചോദിക്കുവാൻ തുടങ്ങുന്നു, നിങ്ങൾക്ക് ഈ നിറവ് വേണ്ടേ? നിങ്ങൾക്കില്ല എങ്കിൽ നിറവിനായി അന്വേഷിക്കുക. ചോദിക്കുക, കൃപയാൽ ഇത് നിങ്ങൾക്ക് കിട്ടും. കൃപയാൽ ഇത് നിങ്ങൾക്ക് കിട്ടും. പിതാവിന്റെ സന്തോഷത്താൽ ഇത് നമുക്കു തരും.

ആൻഡ്രൂമുറേ പ്രത്യേക ശ്രദ്ധയെ ക്ഷണിക്കുന്നു. ഈ ദിവ്യ പ്രകൃതിയുടെ ഭാഗഭാഗക്കുകളാക്കുവാൻ പരിശുദ്ധാത്മാവ് വന്നു. നമ്മുടെ ഹൃദയങ്ങളിൽ ദൈവസ്നേ

(ശേഷം 11-ാം പേജിൽ)

(10-ാംപേജിന്റെ തുടർച്ച)

കർത്താവേ കവിഞ്ഞൊഴുകുവാൻ.....നിറക്കണേമേ

ഹം പകർന്നു തന്നു, കർത്താവായ യേശുവിനും അവിടുത്തെ സ്നേഹത്തിനും സംരക്ഷകനായി ക്രിസ്തു യഥാർത്ഥമായി നമ്മുടെ ഹൃദയങ്ങളിൽ ഉരുവാക്കി, നമ്മെ മുഴുവൻ, തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലുമാക്കിവെച്ചു. എത്രമഹത്വകരമായ പ്രവൃത്തി തന്റെ സ്വരൂപത്തോട് നമ്മെ അനുരൂപരാക്കി, നമ്മുടെ ഹൃദയങ്ങളിൽ ദൈവസ്നേഹം പകർന്നു തന്നു, നമ്മെ ക്രിസ്തുവിനെപ്പോലെയാക്കി.

നിങ്ങളുടെ ജീവിതത്തിൽ ഇങ്ങനെയുള്ള ഒരു പ്രവൃത്തി വേണ്ടേ? നിങ്ങളുടെ ഉള്ളിലും ഇങ്ങനെയൊരു ജീവജലനദി ഒഴുകേണ്ടേ? സ്വയത്തേയും പാപത്തേയും നിങ്ങൾക്ക് മറികടക്കേണ്ടേ? ജയാളിയായി നടക്കണ്ടേ? മറ്റുള്ളവരോട് ശക്തിയോടും ധൈര്യത്തോടും യേശുവിനെ സാക്ഷിക്കേണ്ടേ? നിങ്ങൾക്കും സ്നേഹം, സന്തോഷം, സമാധാനം, ആത്മാവിന്റെ മറ്റുള്ള ഫലങ്ങളും നിറയേണ്ട?

ദാഹത്തോടെ പ്രാർത്ഥിക്കുക

ഇപ്രകാരമുള്ള കാര്യങ്ങൾക്കായി നിങ്ങൾ ജീവിക്കുന്നു എങ്കിൽ, നിങ്ങൾ ശരിയായ പാതയിലാണ്, യേശു പറയുന്നു, ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ട് ദാഹിക്കുന്നവനെല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. മൂഡി വ്യത്യസ്തമായൊരു ദാഹത്തെക്കുറിച്ച് പറയുന്നു, “ഇന്ന് അനേക സഭകളിലും കാണുന്നത് വരണ്ട മരുഭൂമിപോലെയാണ്. ആകെ പാഴും ശൂന്യവും പ്രത്യക്ഷത്തിൽ ജീവൻ അല്പം പോലുമില്ല. അവർ ദൈവാത്മാവുള്ള ഒരു മനുഷ്യന്റെ അരികിൽ ഇരിക്കുന്നു, അവൻ ആറ്റരികത്തു നില്ക്കുന്ന വൃക്ഷംപോലെയിരിക്കും, ധാരാളം ഫലങ്ങൾ പുറപ്പെടുവിക്കുന്നു. എങ്കിലും അതുപോലൊരു അനുഗ്രഹം പ്രാപിപ്പാനാഗ്രഹിക്കുന്നില്ല. എന്താണ് ഈ വ്യത്യാസം? കാരണം ദാഹത്തോടിരുന്ന തന്റെ ജീവിതത്തിൽ ദൈവം ധാരാളം വെള്ളം പകർന്നു നൽകി, അതാണ് വ്യത്യാസം. ഒരുവൻ അഭിഷേകത്തിനു വേണ്ടി ദാഹിച്ചു, അത് അവൻ പ്രാപിച്ചു. നാം ഉയരത്തിൽ നിന്നും ചിലത് ആഗ്രഹിക്കും എങ്കിൽ ദൈവം അത് നമുക്കു തരും.

അതുകൊണ്ട് നിറയുവാൻ ദാഹം പ്രധാനഘടകമാണ്. അതുകൊണ്ട് പ്രാർത്ഥനയിൽ കർത്താവിനെ നമുക്ക് അന്വേഷിക്കാം. കർത്താവ് ശിഷ്യന്മാരോട് പറഞ്ഞവാക്കുകളെ നമുക്കു നോക്കാം. “എന്റെ പിതാവ് വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയയ്ക്കും. നിങ്ങളോ ഉയരത്തിൽ നിന്നും ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ എന്നും അവരോട് പറഞ്ഞു” (ലൂക്കൊ. 24:49). അവിടുന്ന് അരുളിചെയ്തതിനെ അവർ പൂർണ്ണമായി അംഗീകരിച്ചു, അവിടുന്ന് ഉയിർത്തെഴുന്നേറ്റശേഷം അവർ മാളിക മുറിയിൽ ഒരുമിച്ചു കൂടി, അവർ ഒരുമനപ്പെട്ടു പ്രാർത്ഥന കഴിച്ചു പോന്നു (പ്രവൃത്തി. 1:14). തന്റെ വാഗ്ദത്തം നിവർത്തിക്കുമാറു പരിശുദ്ധാത്മാവിനെ അവരുടെ മേൽ പകർന്നു. അവരുടെ ജീവിതം ദൈവസ്നേഹത്താൽ നിറഞ്ഞു, ധൈര്യവും ശക്തിയും, സഭ വളരുവാൻ തുടങ്ങി. അവർ പ്രാർത്ഥനയിൽ തുടർന്നു (പ്രവൃത്തി 2:42; 4:31). കർത്താവ് അവരെ അനുഗ്രഹിപ്പാൻ തുടങ്ങി പരിശുദ്ധാത്മാവിനെ നൽകി അവരെ ശക്തീകരിച്ചു.

അവിടുത്തെ ആത്മാവ് വാഗ്ദത്തത്തിൽ വിശ്വസ്തനായി തന്റെ ആത്മാവിനാൽ നിറയ്ക്ക മത്രമാണോ ചെയ്തത്? യേശു നമ്മെ ഓർമ്മിപ്പിക്കുന്നു, “യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും. അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും. യാചിക്കുന്നവന് ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു, മുട്ടുന്നവന് തുറക്കും എന്ന് ഞാൻ നിങ്ങളോട പറയുന്നു” (ലൂക്കോ. 9,10). അവിടുന്ന് പിന്നെയും പറയുന്നത്, അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾ ക്ക് നല്ല ദാനങ്ങളെ കൊടുപ്പാനറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും (11:13). അതെ, നമ്മുടെ ജീവിതങ്ങളിൽ പരിശുദ്ധാത്മാവിന്റെ നിറവിനുവേണ്ടി അധികം പ്രാർത്ഥിക്കാം.

വിശ്വാസത്തോടെ പ്രാർത്ഥിക്കാം! ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ നമ്മെ നിറയ്ക്കും എന്നറിക. വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവ് വിളിച്ചു വരുത്തുന്ന ദൂരസ്ഥന്മാരായ ഏവർക്കും ഉള്ളതല്ലോ എന്ന് പറഞ്ഞു; .... ആത്മാവ് നിറഞ്ഞവരായിരിപ്പിൻ. അതുകൊണ്ട് നമുക്കു പ്രതീക്ഷയോടെ പ്രാർത്ഥിക്കാം. അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളത് നമുക്ക് അവനോടുള്ള ധൈര്യം ആകുന്നു. നാം എന്ത് അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്ന് അറിയുന്നു എങ്കിൽ അവനോട് കഴിച്ച അപേക്ഷ നമുക്ക് ലഭിച്ചു എന്നും നാം അറിയുന്നു (1യോഹ. 14,15).

പാപത്തോട് നമുക്ക് നിയമം ഉണ്ടായിരിക്കേണം

പരിശുദ്ധാത്മാവിന്റെ ജീവിതത്തിൽ പ്രാർത്ഥിക്കുമ്പോൾ, ഇതും പ്രധാനപ്പെട്ടതാണ്, ജീവിതത്തിൽ നിന്നു പാപത്തെ അകറ്റി നിർത്തണം. ആർ.എ.റ്റോറി തന്റെ പുസ്തകങ്ങളിൽ ഒന്നിൽ പറയുന്നത്, പരിശുദ്ധാത്മാവ് വിശുദ്ധിയുടെ ആത്മാവാണ്, ദൈവവും പാപവും ഒരുമിച്ച് പോകുകയില്ല. പരിശുദ്ധാത്മാവിനും അശുദ്ധാത്മാവിനും ഇടയിൽ ഒരു തെരഞ്ഞെടുപ്പ് ആവശ്യമാണ്. രണ്ടും ഒരുമിച്ച് പോകയില്ല. ഒരു പാപം ഉപേക്ഷിച്ചാൽ പോരാ, രണ്ട് പാപം ഉപേക്ഷിച്ചാൽ പോരാ, മൂന്ന് പാപങ്ങൾ ഉപേക്ഷിച്ചാൽ പോരാ, എല്ലാ പാപങ്ങളും ഉപേക്ഷിക്കേണം. ഒരു പാപത്തിനെതിരെ നാം കണ്ണടച്ചാൽ അത് ദൈവാനുഗ്രഹത്തെ തടസപ്പെടുത്തുന്നു. ഒരുവൻ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ സ്നാനത്തിനായി ആഗ്രഹിച്ചാൽ അവൻ തനിച്ച് ദൈവത്തിന്റെ അടുക്കൽ വരേണം, തന്റെ ഹൃദയത്തിലും ജീവിതത്തിലും ദൈവത്തെ പ്രസാദിപ്പിക്കുന്നതിന് തടസമായി എന്തെങ്കിലും ഉണ്ടോ എന്ന് ശോധന ചെയ്യേണം, അങ്ങനെ എന്തെങ്കിലും ഓർമ്മ വന്നാൽ ദൈവത്തിന്റെ വെളിച്ചത്തിലേക്ക് കൊണ്ടു വരേണം, നാം അതിനെ ഉപേക്ഷിക്കണം.

അനുസരിക്കുക കീഴടങ്ങുക

ആത്മനിറവിൽ അനുഗ്രഹം പ്രാപിപ്പാൻ മറ്റു രണ്ട് താക്കോലുകളാണ് അനുസരണവും സമ്പൂർണ്ണ സമർപ്പണവും പ്രവൃ. 5:32. പ്രകാരം, കർത്താവ് തന്നെ അനുസരിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ നൽകുന്നു. വീണ്ടും

(ശേഷം 12-ാംപേജിൽ)

(11-ാംപേജിന്റെ തുടർച്ച)

കർത്താവേ കവിഞ്ഞൊഴുകുവാൻ.....നിറക്കണേമേ

റ്റോറിയുടെ കൈവശം പ്രധാനമായൊരു വചനം ഉണ്ട്: അനുസരണത്തിന്റെ ഹൃദയം ഇഷ്ടം ആണ്, അനുസരണത്തിന്റെ അടിസ്ഥാനം എന്നത് ഇഷ്ടത്തെ ദൈവത്തിന് സമർപ്പിക്ക എന്നതാണ്. സ്വർഗ്ഗസ്ഥനായ പിതാവിന്റെ അടുക്കൽ ചെന്ന് പറയുന്നു, സ്വർഗ്ഗസ്ഥനായ പിതാവേ, ഞാൻ ഇതാ ഞാൻ അങ്ങയുടെ വകയത്രേ. അവിടുന്ന് എന്നെ വിലയ്ക്ക് വാങ്ങി. ഞാൻ അവിടുത്തെ ഉടമസ്ഥതയെ അംഗീകരിക്കുന്നു, ഞാൻ സമ്പൂർണ്ണമായി എന്നെത്തന്നെ സമർപ്പിക്കുന്നു. അവിടുന്ന് ആഗ്രഹിക്കുന്ന സ്ഥലത്തേയ്ക്ക് എന്നെ പറഞ്ഞയ്ക്കുക; അവിടുന്ന് ആഗ്രഹിക്കുന്നതുപോലെ എന്നെ ഉപയോഗിക്കേണമേ.

ഞാൻ അതിസന്തോഷത്തോടെ എന്റെ ജീവിതത്തിലേക്ക് പരിശുദ്ധാത്മാവിനെ സ്വീകരിപ്പാനൊരുങ്ങുന്നു. അപ്പോൾ ഞങ്ങൾ പറയും എനിക്കുള്ളതെല്ലാം യാഗപീഠത്തിൽ വയ്ക്കുന്നു. അങ്ങനെ അഗ്നി നരകത്തിന്റെ പ്രതീക്ഷകൾ ഞങ്ങളെ വിട്ടുപോയി. ഈ സമർപ്പണമില്ലാതെ അനേകരുടെ അനുഗ്രഹം അടയപ്പെട്ടിരിക്കുകയാണ്.

വിശ്വാസത്തോടുകൂടി യേശുവിനെ നോക്കുക.

ഈ അനുഗ്രഹത്തിനായി അവിടുത്തെ നാമത്തിലുള്ള വിശ്വാസത്തോടുകൂടെ അടുത്തു ചെല്ലുവാൻ യേശു ക്ഷണിക്കുന്നു. ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ട് ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തുകൾ പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് വിളിച്ചു പറഞ്ഞു (യോഹ. 7:37,38). അവിടുന്ന് പിന്നെയും വാഗ്ദത്തം ചെയ്യുന്നു, " അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്ന് വിശ്വസിപ്പിൻ; എന്നാൽ അതു നിങ്ങൾക്ക് ഉണ്ടാകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു " (മർക്കൊ. 11:24).

അവിടുത്തെ ഉദ്ദേശത്തിനായി നമ്മെ പൂർണ്ണമായി സമർപ്പിക്കുവാനുള്ള സമയമാണ്, പരിശുദ്ധാത്മാവിന്റെ പകർച്ചയ്ക്ക് തടസമായിരിക്കുന്ന എല്ലാറ്റെയും നാം ഉപേക്ഷിക്കുക,നദി പോലെ തടസം കൂടാതെ പരിശുദ്ധാത്മാവിനെ നമുക്കു പ്രാപിക്കാം.

കർത്താവേ, കവിഞ്ഞൊഴുകുവാന്തക്കവണ്ണം അവിടുത്തെ ആത്മാവിനാൽ ഞങ്ങളെ നിറക്കേണമേ, ഞങ്ങളുടെ ജീവിതം പൂർണ്ണമായി അവിടുത്തെ നാമത്തിന്റെ മഹത്വത്തിനും, അവിടുത്തെ സ്നേഹവും ജീവനും മറ്റുള്ളവരോട് പങ്കിടുവാനും ഞങ്ങൾക്ക് ഇടയുണ്ടാക്കുമാറാകണമേ. ❖